# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 6 ലക്കം 11 പേജുകൾ 36 ഫെബ്രുവരി 2026



## കനൽച്ചുവടുകൾ: കെ.വി. രാമകൃഷ്ണൻ

### കവിത കാലത്തിനു വഴികാട്ടുമ്പോൾ




ദർശന

### അടർന്ന ചില്ലകൾ: കഥ



ദിവ്യ സി.ആർ.

JOS ALLUKKAS
A TRADITION OF FINE JEWELLERY








പ്ലാറ്റിനം
15%
പണിക്കൂലിയിൽ
ഡിസ്കൗണ്ട്

ഡയമണ്ട്
30%
ഡിസ്കൗണ്ട്
കൂടാതെ ഓരോ
കാരറ്റിനും 500 മില്ലി ഗ്രാം
ഗോൾഡ് കോയിൻ
സൗജന്യം
Offer Valid till Feb 22nd

പഴയ
സ്വർണ്ണാഭരണങ്ങൾ
എക്സ്ചേഞ്ച് ചെയ്ത്
നേടൂ, മികച്ച
ഇന്റർനാഷണൽ ലാബ്
സർട്ടിഫൈ ചെയ്ത
ഡയമണ്ട് ആഭരണങ്ങൾ
സ്വന്തമാക്കാം കൂടുതൽ
ആനുകൂല്യങ്ങളോടെ.

*T&C Apply

ROUND EAST, THRISSUR. PH: 0487-2331812
Shop at josalukkasonline.com




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ–680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

# ഡ്രാക്കുളയുടെ വിവർത്തകൻ

**ക**വിതയുടെ കനൽ എരിഞ്ഞു തീരുന്നില്ല ആ ഹൃദയത്തിൽ; അതുകൊണ്ടു കൂടിയാകണം, അദ്ദേഹത്തിന്റെ ആത്മകഥയുടെ പേര് 'കനൽച്ചുവടുകൾ' എന്നായത്. കവിതയെ ആഴത്തിൽ ഉൾക്കൊള്ളുകയും വിദ്യാർഥികളിലേക്കു പകരുകയും ചെയ്ത വിവർത്തന സാഹിത്യകാരനും അധ്യാപകനുമാണ് പ്രഫ. കെ.വി.രാമകൃഷ്ണൻ. കവിത തന്നെയാണു പ്രിയങ്കരമെങ്കിലും കവിയായി അറിയപ്പെടുന്നതിനു മുൻപ്, 1960കളിൽ മലയാള സാഹിത്യ ലോകം കെ.വി.രാമകൃഷ്ണനെ അറിഞ്ഞതു ബ്രാം സ്റ്റോക്കർ എഴുതിയ 'ഡ്രാക്കുള'യുടെ വിവർത്തനത്തിലൂടെയായിരുന്നു. ആ വിവർത്തനത്തിന്റെ എത്ര പതിപ്പുകൾ വിറ്റഴിച്ചെന്നു അദ്ദേഹത്തിന് പോലും നിശ്ചയമില്ല.

'ഡ്രാക്കുള'യുടെ വിവർത്തനം അദ്ദേഹം നിർവഹിക്കാൻ കാരണമായതോ സാക്ഷാൽ എംടിയും. രാമകൃഷ്ണൻ കോഴിക്കോട്ടു ജോലി ചെയ്യുമ്പോൾ എംടിയുമായി വലിയ സൗഹൃദമുണ്ടായിരുന്നു. അക്കാലത്താണ് എംടി ഡ്രാക്കുള നോവൽ രാമകൃഷ്ണനു നൽകി, മലയാളത്തിലേക്കു വിവർത്തനം ചെയ്തുകൂടെ എന്ന് ചോദിച്ചത്. രാമകൃഷ്ണൻ സന്തോഷത്തോടെ അതു സമ്മതിച്ചു. അങ്ങനെയാണ് ഡ്രാക്കുള മലയാളത്തിലേക്കെത്തിയത്. പിന്നീട് ടാഗോറിന്റെ ജീവചരിത്രമടക്കം ഒട്ടേറെ പുസ്തകങ്ങൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തു.

കേന്ദ്ര സാഹിത്യ അക്കാദമിക്ക് വേണ്ടിയും വിവർത്തകൻ ആയിട്ടുണ്ട്. എൻ.വി. കൃഷ്ണവാരിയരെക്കുറിച്ച് ഇംഗ്ലിഷിൽ പുസ്തകം എഴുതി. വിവർത്തനം തന്റെ സാമ്പത്തിക സ്രോതസ്സ് ആയിരുന്നെന്നു പറയുമ്പോൾ, കവിതയെ തന്റെ ആത്മാവിന്റെ സ്പന്ദനമായാണു രാമകൃഷ്ണൻ കാണുന്നത്. കവിത പഠിപ്പിക്കാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല, അതു സാധിക്കുകയുമില്ലെന്നു അദ്ദേഹം പറയുന്നു. കവിതയുടെ ഓരോ തലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ സഹായിക്കുകയാണ് ചെയ്തത്. അതാണ് ഭാഷ പഠിപ്പിക്കേണ്ടവർ ചെയ്യേണ്ടതും. കവിത പഠിക്കുകയല്ല, അനുഭവിക്കുകയാണു വേണ്ടത്. ചില കവിതകൾ അനുഭവിക്കാൻ സാധിക്കാത്തത്, അവ അർഥം മനസ്സിലാക്കുന്ന തലമെത്തുമ്പോൾ അവസാനിക്കുന്നു എന്നതുകൊണ്ടാണ്. കവിത പ്രസ്താവനകൾ ആകുന്നതോടെ അതിന്റെ ആഴം കുറയുന്നു. കവിത ഇങ്ങനെ ആവണം എന്നു പറയാൻ ശ്രമിക്കുന്നില്ല, പക്ഷെ, ആഴം ഇല്ലാത്തതു കവിത ആകുന്നില്ലെന്നു രാമകൃഷ്ണൻ പറയുന്നു.




# അകത്താളുകളിൽ

## കഥ


ദിവ്യ സി.ആർ. .................... പേജ് 10
ഉണ്ണി ഭാസുരി.................... പേജ് 24
ഷംല ആവള .................... പേജ് 25
കാർത്തിക........................ പേജ് 27


## ലേഖനം


ദർശന ............................... പേജ് 6
അജിത രാജൻ .................... പേജ് 13


## കാർട്ടൂൺ


എം.ആർ.ബാലചന്ദ്രൻ ........... പേജ് 5


## കുട്ടികളുടെ മഷിപ്പച്ച


വര, കവിത ...................... പേജ് 34


## കവിത


ശ്രീജ വിജയൻ .................... പേജ് 16
ജയപാലൻ കാര്യാട്ട് .............. പേജ് 17
ഷീബ ദിനേഷ് .................... പേജ് 18
സരസ്വതി ബിജു .................. പേജ് 19
നിബിൻ കള്ളിക്കാട്............ പേജ് 20
ആതിര ഗുപ്ത .................... പേജ് 21
നിഥിൻകുമാർ ജെ................ പേജ് 22
കുഞ്ഞച്ചൻ മത്തായി ............ പേജ് 23






## ○ കാർട്ടൂൺ കേരളം




എം.ആർ. ബാലചന്ദ്രൻ



# കവിത കാലത്തിനു വഴികാട്ടുമ്പോൾ



ദർശന കെ ആർ

മഹാകവികൾക്കൊപ്പം ചേർത്തുവയ്ക്കാവുന്ന നാമമാണ് കെ വി രാമകൃഷ്ണൻ മാഷുടേത്.

ഭാഷാപ്രയോഗങ്ങളുടെ ചാരുതയും പദശുദ്ധിയും സമസ്തപദങ്ങളുടെ അതിഗംഭീരമായ വാക്യവത്ക്കരണവും കണക്കിലെടുത്താൽ ഇത്രയും മനോഹരമായി കവിതകൾ ചമയ്ക്കുന്ന മറ്റൊരു കവിയും ഇപ്പോഴില്ല എന്ന് നിസ്സംശയം പറയുവാനാകും. അദ്ദേഹത്തിന്റെ കവിതകളിലൂടെ കടന്നുപോകുന്ന ഏതൊരു വായനക്കാരനും അതു ബോധ്യമായിട്ടുമുണ്ടാകും.

തിറമ്പി മുഴങ്ങുന്ന വാക്കുകളാൽ തുളുമ്പി നിറയുന്ന ഹൃദയവുമായി വായനക്കാർ വിസ്മയപ്പെടും. എത്രയെത്ര പദങ്ങളെയാണ് അദ്ദേഹം പുതു തലമുറയ്ക്ക് പരിച്ചയപ്പെടുത്തിയിരിക്കുന്നത് എന്നാലോചിക്കുമ്പോൾ ആയതിൽ ഒട്ടും അതിശയോക്തിയില്ല. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ സഹ പത്രാധിപർ ആയിരിക്കെ, ഒരു പത്രാധിപർ/ എഡിറ്റർ എങ്ങനെയായിരിക്കണം എന്നതിന്റെ ഉത്തമ നിദർശനമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തന മാതൃകകൾ.

തന്റെ ആശയങ്ങളെയും നിർദ്ദേശങ്ങളെയും ആരിലും അടിച്ചേൽപ്പിക്കാതെ എന്നാലോ എഴുത്തുകാർക്ക് അലോസരമുണ്ടാകാതെ

ഇങ്ങനെയാകുന്നതാണ് ശരി എന്ന മട്ടിൽ തന്റെ ജോലി അദ്ദേഹം നിർവഹിച്ചുപോന്നു. സൗമ്യ മധുരമായ ഈ പുഞ്ചിരിക്ക് വശംവദരാകാത്തവർ ആരാണുള്ളത്? അദ്ദേഹത്തിന് നവതിയാശംസകൾ നേർന്നുകൊണ്ട് എഴുതുമ്പോൾ ഈ വിരലുകളും വിറയാർന്നു പോകുന്നത് ആദരം കൊണ്ടു മാത്രമാണ്.

കാലത്തിന്റെ ശബ്ദം തന്റെ എഴുത്തുകളിലൂടെ കേൾപ്പിച്ച കവിയാണ് അദ്ദേഹം. മലയാള സാഹിത്യത്തിന്റെ പ്രത്യേകിച്ചും കവിതയുടെ ഗതിഭേദങ്ങൾക്ക് അദ്ദേഹത്തിന്റെ കവിതകൾ സാക്ഷ്യപത്രങ്ങളാണ് . സാമൂഹികമായ അപചയങ്ങളും കപടതകളും പൊള്ളത്തരങ്ങളും നീതി നിഷേധങ്ങളും പാരിസ്ഥിതിക ധ്വംസനങ്ങളും എന്തിന് രാഷ്ട്രീയം പോലും അദ്ദേഹത്തിന്റെ എഴുത്തിന് വിഷയീഭവിക്കുന്നുണ്ട്.

അദ്ദേഹത്തിന്റെ കവിതകളിൽ പ്രകൃതിയും മനുഷ്യനുമായി ജൈവികവും പാരിസ്ഥിതികവുമായുള്ള വളരെ സജീവവും സക്രിയവുമായ ബന്ധം നമുക്ക്




കെ വി രാമകൃഷ്ണൻ

ദർശിക്കാവുന്നതാണ് . ഈ ബന്ധം മുറിപ്പെടുമ്പോൾ/ തകരുമ്പോൾ അല്ലെങ്കിൽ ഈ ബന്ധത്തിന് കോട്ടം തട്ടുമ്പോഴുള്ള ആകുലതകളും വ്യഥകളും ഇതു നിലനിർത്തേണ്ടത് ഇന്നിന്റെ ആവശ്യകതയാണെന്ന ബോധ്യപ്പെടുത്തലുകളും അദ്ദേഹം നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്നതായി കാണാം. തീവ്രവും തീക്ഷ്ണവുമായാണ് ഇത്തരം വിഷയങ്ങളെ കവി സാമാന്യജനത്തിന്റെ വായനയിലേക്ക് എത്തിക്കാൻ ശ്രമിച്ചിട്ടുള്ളത് . പ്രകൃതി മാത്രമല്ല , കുടുംബ ജീവിതങ്ങളിലെ വ്യക്തിബന്ധങ്ങളിലേക്കും വീട് എന്ന മഹത്തായ സങ്കൽപ്പത്തിലേക്കും അദ്ദേഹം പുതു തലമുറയുടെ ശ്രദ്ധയെ ക്ഷണിക്കുന്നുണ്ട്. . വർത്തമാനകാലഘട്ടത്തിലും ഏറെ പ്രസക്തമായ നിരവധി രചനകൾ അദ്ദേഹം നടത്തിയിട്ടുണ്ട്.

ഭൂമിയെ നിരന്തരമായി ബലാൽക്കാരത്തിന് ഇരയാക്കി വരുംതലമുറയ്ക്ക് ഒന്നും ബാക്കിവെയ്ക്കാതെ പ്രകൃതിവിഭവങ്ങൾ ക്രമരഹിതമായി ചൂഷണം ചെയ്യുന്ന സ്വാർത്ഥമോഹിയാണ് മനുഷ്യൻ എന്ന് അദ്ദേഹം അടിവരയിട്ടു പറയുന്നു. അതേസമയം തൻകാര്യം മാത്രം നോക്കി മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ ഉപേക്ഷിക്കുന്ന മക്കൾക്ക് വേ

ണ്ടി സ്വയം വാനപ്രസ്ഥം വരിയ്ക്കുന്നവരെയും ജീവിതത്തിന്റെ ദൈന്യതയിലുഴലുന്നവരെയും കെവിആർ തന്റെ കവിതകളിൽ വരച്ചിടുന്നുണ്ട്. കെവിആറിന്റെ രചനകളുടെ ഒരു കാലഘട്ടം നോക്കിയാൽ ഈ രചനകളെല്ലാം അന്നത്തെ സാമ്പ്രദായികമായ കാവ്യ ശൈലിയോട് ചേർന്നു നിൽക്കുന്നതാണെന്ന് തോന്നാമെങ്കിലും അതിൽനിന്നും വ്യതിരിക്തമായി നിൽക്കുന്ന വർത്തമാനകാല സമ്പ്രദായത്തോട് ചേർന്ന വ്യത്യസ്തമായ ധാരാളം രചനകളും അദ്ദേഹം ഈ അടുത്തകാലത്തായി നിർവഹിച്ചിട്ടുള്ളതായി കാണാം. മനുഷ്യബന്ധങ്ങളുടെ തീഷ്ണത ആവിഷ്കരിച്ചിട്ടുള്ള വായനക്കാരന്റെ ഉള്ളം തൊടുന്ന രചനയാണ് ഊന്നുവടി എന്ന കവിത.

കരൾ തിളച്ചുരുകിപ്പടർന്നെത്തി ചങ്കിൽ വന്നടിയുന്ന നൊമ്പരം. മുത്തച്ഛൻ ഓർക്കുന്നു, മക്കൾ എന്നും കൂടെ വേണമെന്നാശിക്കാൻ നരനെന്തവകാശമെന്ന്. മർത്ത്യർ മാത്രമാണ് കുഴയും കാലിന്നൂന്നുവടിയാകണം എന്ന് കരുതി സ്വാർത്ഥതാല് പര്യത്തോടെ മക്കളെ വളർത്തുന്നത്.




അതിനാൽ 'പറക്കാൻ ചിറകിന്നു പോരിമയാൽ വാനിൻ/നിറവുണ്ണുവാൻ കൂടു കൈവിടും കിളിക്കുഞ്ഞും/

ഭൂമി തന്നറ്റത്തേക്കാണെങ്കിലും തല നീർത്തി പോക മക്കളെ , കാലും കരളും പതറാതെ/ വിണ്ണിലെ നെടും പാത നിങ്ങൾ തൻ മഹായാന

ത്തിന്നതാ കതിരൂർന്ന തോരണമൊരുക്കുന്നു./ ഏതു മണ്ണിലും വേരൂന്നുക സംസ്കൃതിയേതെന്നാകിലും ഞരമ്പുകൾ ക്കൂർജ്ജമായുൾക്കൊള്ളുക'

എന്ന് കവി പറഞ്ഞുവയ്ക്കുന്നു. അങ്ങനെയുള്ള യാത്രയിൽ തെറ്റായ വഴികളിലൂടെ സഞ്ചരിക്കുന്നു എന്ന് കേൾപ്പിക്കാതെയിരിക്കണെമെന്നും മാത്രമാണ് ഈ മുത്തച്ഛൻ ആഗ്രഹിക്കുന്നത്.

മക്കളുടെ വിരഹത്തിൽ സങ്കടപ്പെടുന്ന മുത്തച്ഛന് ഇവിടെ ആശ്രയമാകുന്നത് പ്രകൃതിയാണ് . വൃദ്ധസദനങ്ങൾ പെരുകുന്ന , അതല്ലെങ്കിൽ മുതിർന്ന പൗരന്മാർ മാത്രം വീടുകളിൽ അവശേഷിക്കുന്ന വർത്തമാന കാലത്തോട് ചേർത്തുവായിക്കാവുന്ന ഒരു രചനയാണ് വാനപ്രസ്ഥം. വയസ്സാകുന്നവർ മക്കൾക്ക്, യുവതലമുറയ്ക്ക് ബാധ്യതയാകുന്നു എന്ന ആകുലമായ ഒരു ചിന്ത കവി വർഷങ്ങൾക്കു മുന്നേ പങ്കുവെച്ചിരിക്കുന്നതായി കാണാം..

'പല നാളിൽ നാമൊരു പോള മിഴിയടച്ചില്ലയെന്നുറക്കമറിയുന്നുവോ?/ അറിയാതിരിക്കട്ടെ സഖീ, നമ്മൾ തൻ വ്യഥകളിന്നതരന്നു മുൾമുനകളാകരുത് വഴിയിൽ' എന്ന ചിന്തയോടെ മക്കൾ ഉറങ്ങി കിടക്കെ വീട് വിട്ട് വാനപ്രസ്ഥത്തിനിറങ്ങുന്ന അച്ഛനമ്മമാർ ആണ് ഈ കവിതയിൽ ഉള്ളത്.

പശുപാലനം എന്ന കവിതയിൽ മനുഷ്യരുടെ മനസ്സിലെ മൗഢ്യമായുണരുന്ന ചിന്തകളെ കവി കളിയായി സൂചിപ്പിക്കുന്നു.

'മർത്ത്യ സാധാരണം മാത്രം മൃത്യു , എങ്കിലുമന്നു ഞാൻ /

കാൽ വെള്ള ശുചിയാക്കാത്തതോർത്തുള്ളിൽ ഗ്ലാനിയിപ്പോഴും' എന്നെഴുതുന്നത് അതുകൊണ്ടാണ്.

'പൂവിന്നുതൻ ഞരമ്പിനേയൂറ്റി കൊടുത്താണി കരിം പച്ചില വിളർത്തു/വേച്ചുവിറച്ചയലത്തു നിന്നും പഴംപേച്ചുമായെത്തുന്ന കാറ്റിനോടും/ മഞ്ഞും മഴയും വസന്തവും പങ്കിട്ടു./ വിണ്ണിലിടറും കിളികളോടും പോയ കാലത്തേഴുവർണ്ണങ്ങളും തന്റെ നാവിന്നിനിപ്പായ്, കനികളായി, /ചില്ലകൾ തോറുമേഴുനിറങ്ങളിൽ ചെണ്ടിട്ട് വീരകഥകൾ ചൊല്കെ/ അറ്റുപോമെന്നു തിരിച്ചറിവുള്ളിലെ ഞെട്ടലായി ഞെട്ടിയിൽ കത്തിനിൽപ്പൂ '

(കവിത നക്ഷത്രങ്ങൾ)

അടിവെപ്പുറയ്ക്കാതെ കുളിർത്തെന്നലിനൊത്താടിക്കുഴഞ്ഞു വാർദ്ധക്യത്തിന് നേർക്ക് അപഹാസമുള്ളുകൾ എറിഞ്ഞു തുള്ളുന്ന തളിരുകളെ അനുകമ്പയോടെയല്ലാതെ എങ്ങനെയാണ് നോക്കുക. അങ്ങനെ നോക്കുമ്പോൾ ഒരു നീർകണം കണ്ണിന്റെ കോണിൽ ഉറഞ്ഞു കൂടുന്നുണ്ട് . വാനിൽ മറ്റൊരർക്കനായത് മാറുന്നു. ആകാശമാകെ വേരോടി നിൽക്കുന്ന ജീവിതമാകുന്ന ഈ മഹാ വൃക്ഷത്തിന്റെ ചുവട്ടിൽ ചിതറിക്കിടന്നു വാനിലെ കരിന്തുളയെന്നപോലെ മണ്ണിൽ അലിഞ്ഞു ചൈതന്യമായി മാറുന്ന വാടിവീഴുന്ന ഇലകളാണ് ആടുന്ന തളിരിന്റെ തുടിപ്പിൽ തുടിക്കുന്നതെന്ന് മറക്കരുത് എന്നാണ് കവി ഈ കവിതയിലൂടെ പുതു തലമുറയോട് ഓർമ്മിപ്പിക്കുന്നത്.

വീടുകൾ എന്ന കവിത നോക്കുക . എന്താണ് വീട് എന്ന് ഓർമ്മപ്പെടുത്തുകയാണ് ഈ കവിതയിൽ. എങ്ങനെയാണ് ഒരു വീട്, വീടാകുന്നത് എന്നും. അച്ഛനുമമ്മയും ഉള്ളതുകൊണ്ടാണ് ഒരു വീട് വീടാകുന്നതെന്നും അവിടെ കുഞ്ഞുങ്ങൾ ഉള്ളതുകൊണ്ടാണ് ആ വീട് വീടായി വിടരുന്നതെന്നും അദ്ദേഹം പറഞ്ഞു വയ്ക്കുന്നു. എന്നിട്ടും നമ്മൾ ഇനിയും വൃദ്ധമ

ന്ദിരങ്ങൾ തിരഞ്ഞു നടക്കുന്നുവോ എന്നൊരു ചോദ്യം ഇവിടെ അവശേഷിപ്പിക്കുന്നുണ്ട് അദ്ദേഹം.

ആർത്തി പെരുത്ത മനുഷ്യന്റെ കയ്യേറ്റത്തിൽ തകർന്ന പ്രകൃതിയുടെ അവസ്ഥയെയാണ് ഭ്രാന്തി എന്ന കവിതയിലൂടെ കവി പങ്കുവയ്ക്കുന്നത്. പ്രകൃതി പെരുവഴിയിൽ അലയുകയാണ് .കൂരിരുൾ ചുരുളലയിൽ നീർ മുടിയുലഞ്ഞു തീ ചിതറിയും തുടലുകൾ അഴിച്ചുവിട്ടു ഴറുന്ന കാറ്റിന്റെ പതറുന്ന കാൽവെപ്പിൽ ചിലമ്പുന്ന താളത്തിൽ മനുഷ്യന്റെ നെറികേടിനാലേറ്റ മുറിവുകളിൽ നിന്നും രക്തമുതിർന്നു വെറുതെ വിതുമ്പിയും പുലമ്പിയും പെരുവഴിയിൽ അലയുന്നു. മുളവടികളും തെറിവാക്ക് പുളയുന്ന ചുണ്ടുകളിൽ ആർപ്പുവിളികളുമായി കണ്ണുകളിൽ കത്തുന്ന പകയോടെ തെരുവുപിള്ളേരെപ്പോലെ മർത്ത്യർ നിരന്തരം അവളെ വേട്ടയാടുന്നു. അവിടവിടെ അണുബോംബുകൾ പുകയുന്ന വ്രണങ്ങളിൽ തലമുറയുടെ കൂമ്പുകൾ കരിയുന്നു . അതിൽ നിന്നുമൂറുന്ന വിഷഗന്ധം ഒരുനാളും ഒഴിയാത്ത ശാപമായി അവളെ ചൂഴ്ന്ന് കത്തുന്നു . അവളുടെ ഉരുകുന്ന ഹൃദന്തര ഗുഹക്കുള്ളിൽ ഇരുളറകൾ പണിതു വായ്മൂടിയതിലാഴ്ത്തിയും ഇടയ്ക്ക് അവയിലൊന്നിൻ ഒരു പൊളി തുറന്നു രക്തമൊഴുകുന്ന കോമ്പല്ലിൽ അവളെ കോർത്തിഴയ്ക്കുന്നു. മലമുടിയിലെ കരിമ്പാറയുടെ വിടവിൽ നിന്നുണരുന്ന അവളുടെ പുണ്യ നദികളിൽ തലമുറകളുടെ ബീജമളിയുന്നു .അവളുടെ മലകൾ ഇളകി സർപ്പം കണക്ക് കുതിച്ചു പായുന്നു . കത്തുന്ന ചിതകളിൽ കാലം നടുവറ്റ് കരിയുന്നു . അകമെരിയുന്ന തലയോടത്രേ പടിഞ്ഞാറ് അസ്തമിക്കുന്നത്. മനുഷ്യൻ തന്റെ കൊടിയ ദുരയാൽ പ്രകൃതിയറിയാതെ തിന്നു തീർക്കുന്ന വിഭവങ്ങളുടെ എച്ചിലിൻ നിരനിറഞ്ഞ് കൊടും വാടമണക്കുന്ന കുപ്പയാണ് അവളിന്നും.




ഭൂമിയുടെ ആണികളത്രേ മലകൾ. ഭൂമിയിളകാതെ അവ കാക്കുന്നു. ആ മലകളെ തട്ടി നിരത്തി, തെളിനീരു നിറയുന്ന പൊയ്കകളെ നികത്തി ഭൂമിയുടെ സമതുലിത തന്നെ തകർക്കുമ്പോൾ അവളെങ്ങനെ നിലതെറ്റി അടിതെറ്റി അലയാതിരിക്കും. ദുരമൂത്ത മനുഷ്യർക്കുള്ള ഒരു മുന്നറിയിപ്പാണ് കവി നൽകുന്നത് . അകലെയലകളിളകിടും നീലത്തിരശ്ശീലയുടെ പിറകിൽ നിന്നൊരു തുടിയിലുണരും ഡുമു ഡുമു സ്വനത്തിനു ചെവിയോർത്ത് അതിന്റെ പൊരുളറിയാതെ തുള്ളുന്ന വെറുമൊരു കുഞ്ഞാടാണ് മനുഷ്യൻ. അതിന്റെ മിഴികളിൽ നിഴലിക്കുന്ന പ്രളയധൂളി ചിതറുന്ന ധൂമകേതുവിനെ അവൻ കാണാതെ പോകുന്നു.

ഇതിനോട് ചേർത്ത് വായിക്കാവുന്ന കവിതയാണ് പാമ്പിൻകാവ്.പണ്ട് വളപ്പുകൾക്ക് അർബുദമായിക്കണ്ട പാമ്പിൻ കാവുകൾ

കാലഗതിക്കനുസരണമായി വിസ്മൃതിയിലാണ്ടു. ഭൂമിയുടെ ജലസംഭരണികളാണ് അവയെന്ന് എത്രപേർ ചിന്തിക്കുന്നുണ്ട്. ഇന്ന് വേനൽ കനക്കുമ്പോൾ കാവുകളെ തിരികെ കൊണ്ടുവരേണ്ടതുണ്ട് എന്ന പ്രകൃതിയുടെ ദാഹത്തെ കവി ഓർമ്മിപ്പിക്കുന്നു.

നാരായം എന്ന കവിതയും ഓർമ്മിപ്പിക്കുന്നത് ഇത്തരമൊരു ദുരന്ത ചിത്രമാണ്.

തീ തിന്നുരുകി മണൽച്ചാലായി ഒഴുകി നീറി പിടഞ്ഞു മരിക്കുന്ന നിളാനദി മർത്ത്യനിലാളുന്ന ദുരയുടെ വിറകായി മാറുന്നു. മർത്ത്യരോ, കത്തിത്തിളയ്ക്കുന്ന മണൽപ്പരപ്പിലൂടെ ഇറ്റ് വെള്ളം തേടി നിർത്താതെയലയുന്നു.

' നീറിപ്പുകഞ്ഞു കിടക്കുന്നു നാടിന്റെ നീതിബോധം ചിത വെന്തമരുന്ന പോൽ /ഇറ്റ് വെള്ളം കൊടുക്കുന്നതിനെന്നുടെയീ പച്ച മൺകുടം പോരുമെന്നോർപ്പൂ ഞാൻ/ കീറും മണൽച്ചേലകൂടിയുരിഞ്ഞു നീരൂറും മിഴിച്ചൂഴ്ന്നെടുത്തു മദം കൊണ്ടു/ മാനഭംഗപ്പെടുത്തുന്നു. നിരാലംബ കേഴവേ, നീലമേഘം പെയ്തൊഴിയവേ, /

ഉന്നം പിഴക്കാത്തൊരെന്റെ നാരായമെൻ / നെഞ്ചിൽത്തൊടുത്തു കൺചിമ്മി നിൽപ്പു ഞാൻ.'

പുരോഗതി എന്ന കവിതയിലാകട്ടെ വളരെ ചിന്തനീയമായ ആശയമാണ് പങ്കുവെക്കുന്നത്.

'ഉദിച്ചുച്ചയോടുക്കുന്നു ലോകം

ഉറക്കം നടിച്ചേ കിടപ്പാണ് നമ്മൾ ' കവി പരിഹസിക്കുന്നത് ശ്രദ്ധിക്കുക.ഉറക്കം നടിച്ചു കിടക്കുന്നവരെ ഉണർത്താൻ എളുപ്പമല്ലല്ലോ.

അവനവന്റെ സുഖത്തിന് മാത്രം അവനവന്റെ താല്പര്യങ്ങൾക്കു മാത്രം അവനവനു വേണ്ടി മാത്രം ജീവിക്കുന്നവരായി മനുഷ്യർ മാറിക്കൊണ്ടിരിക്കുന്നു.അജ്ഞതയും അഹന്തയും അവരിൽ ആവേശിച്ചിരിക്കുന്നു. ആർക്കാണ് അവരെ തിരുത്താനാവുക, എന്ന് വേവലാതി കൊള്ളുമ്പോഴാണ്

കവി വിവേകാനന്ദനെ ഓർമ്മിക്കുന്നത്. തമാസോ മാ ജ്യോതിർഗമയ എന്ന കവിതയിൽ ഞങ്ങളുടെയാലസ്യ മകലുമൊരു ജ്വാലയായ്

ഉയരുക, വിളക്കിൻ വിവേകമായ് നീ , എന്ന് കുറിക്കുന്നത് അപ്പോഴാണ്.

ജീവിതം എലിമഞ്ച പോലെയാണെന്നും ന

മ്മളവയിൽ അറിയാതെ പെട്ടുപോയി പ്രാണനു വേണ്ടി പതറിയോടുന്ന എലികളുമാണെന്ന കവിയുടെ നിരീക്ഷണം ഏറെ ശ്രദ്ധേയമാണ്.

.'കതകൈങ്ങോ കൊട്ടിയടയും നടുക്കമെൻ/ കരളിൽത്തിറമ്പി മുഴങ്ങുന്നു /

ഇടറിപ്പലവഴിയോടുമ്പോൾ/ ഒരു ഞൊടി കാലിൽത്തടയുന്നു/തലകൂർത്ത കമ്പിക്കൊളുത്തിന്മേൽ,/ചൊകെച്ചൊകെ ജീവിതം പോലെയെന്തോ/ അറിയാതെ അതിൽ ചെന്നു തൊട്ടതും/ ഞെട്ടലായ് കതകാഞ്ഞടഞ്ഞതും നേരെന്നോ' (കവിത എലി മഞ്ച). പെട്ടുപോയാൽ പിന്നെ മരണമല്ലാതെ മോചനമില്ല .. ഉഴറിപ്പാഞ്ഞു നടക്കുക മാത്രമേ ഗതിയുള്ളൂ.

ജീവിതം ആസ്വദിക്കാൻ തുടങ്ങുന്നവരുടെയും ജീവിതാസക്തികൾ ഏറെക്കുറെ അനുഭവിച്ചു തീർത്തവന്റെയും അവസ്ഥകളാണ് ബസ് യാത്രയിലൂടെ കവി പറയുന്നത്.

ജനലരികിൽ തന്നെ സീറ്റ് കിട്ടി യാത്ര നടത്തുന്നവന്റെ/ജീവിതം ആസ്വദിച്ചു കഴിഞ്ഞവന്റെ കണ്ടുമടുത്ത കാഴ്ചകളിൽ നിന്നും പിന്തിരിയുന്ന മിഴികൾ കാഴ്ചകൾ കാണാൻ/ ജീവിക്കാൻ തുടങ്ങുന്ന കുഞ്ഞിക്കണ്ണുകളുടെ നക്ഷത്രത്തിളക്ക ങ്ങളിലേക്ക് ജാലകം തുറന്ന് കാഴ്ചകൾ നിറയ്ക്കുന്ന മനോഹരമായ ചിത്രമാണ് ഒരു ബസ്സ് യാത്ര എന്ന കവിത സമ്മാനിക്കുന്നത്.

'പാതി താഴ്ത്തിയടച്ചോരു ജനൽപ്പാളി പൊടുന്നനെ പൊക്കിക്കൊളുത്തിട്ടു കുഞ്ഞേ /ഞാനീ ജനലടയ്ക്കയോ നിനക്കു കാണുവാനല്ലീ വിശ്വപ്രകൃതി തൻ മുഖം/ തുടുക്കുന്നു, തുളുമ്പുന്നു നിറങ്ങളിൽ /

മരയ്ക്കും കാറ്റടിച്ചാലും നിന്റെ കണ്ണീർ കണങ്ങളിൽ/ ഈ പ്രപഞ്ചമഹാദുഃഖമായിരം സൂര്യനാവുക ' ഇതിലും മഹത്തായ എന്തു സന്ദേശമാണ് കുഞ്ഞുങ്ങൾക്ക് നൽകുവാനുള്ളത്.

മാറ്റങ്ങൾ ജീവിതം പുരോഗമിക്കുന്നതിന്റെ അടയാളങ്ങളത്രെ.

' മാറിപ്പോയി താനും ഈ പുത്തൻ തലമുറയ്ക്കൊപ്പമെത്തുവാൻ

ഓടും ഓട്ടത്തിൽ ജീവിക്കുന്നു '

പായുന്ന കാലത്തിനൊപ്പമെത്തുവാൻ നമ്മളും ഓടേണ്ടതുണ്ടെന്നും മാറ്റങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ടെന്നും കവി പറഞ്ഞു വെക്കുന്നു. നാടോടുമ്പോൾ നടുവേ ഓടണമല്ലോ.

കുലച്ചവിൽ മണിയൊച്ചയിലാണുദിച്ചിടുന്നതത്രേ സ്വാതന്ത്ര്യം. നാം എന്ത് നേടി കവി ചോദിക്കുന്നു.

അരനൂറ്റാണ്ടായെങ്കിലുമിന്നും വെളിവായീല വിവേകങ്ങൾ /

ഗിരികുഹരങ്ങളിൽ നിന്ന് പുരാണൻ കവി പാടിയതത്രേ പരമാർത്ഥം/ ഇരുളിൽ നിന്നിരുൾ വീഥിയിലൂടെ കൂരിരുൾ നോക്കിപ്പായുന്ന കുതിരകളഞ്ചും നമുക്കുനാമേ വിധി, യകലത്താണാകാശം'

സ്വാതന്ത്ര്യം നേടി ഇക്കാലമത്രയും കഴിഞ്ഞിട്ടും ഇരുളിലൂടെ ഇരുൾ വീഥിയിലൂടെ കൂരിരുൾ നോക്കിക്കുതിച്ചു പായാനാണത്രേ നമ്മുടെ വിധി ഇപ്പോഴും ആകാശം അകലെയാണ്. വർഷങ്ങൾ എത്ര കഴിഞ്ഞിട്ടും ഈ കെട്ട കാലത്തിന്റെ വ്യഥകളോട് സംവദിക്കുന്നു കവിത. പുരോഗതിയിലേക്ക് ത്വരിത പ്രയാണം നടത്തുന്നു എന്ന് അവകാശപ്പെടുമ്പോഴും മനുഷ്യ മനസ്സുകൾ മസ്തിഷ്കങ്ങൾ വീണ്ടും അജ്ഞാതയുടെ അന്ധകാരത്താൽ മൂടപ്പെട്ടു കൊണ്ടിരിക്കുകയാണെന്ന നഗ്നസത്യം കവി തുറന്നു കാട്ടുന്നു.

വർത്തമാനകാല ജീവിതത്തിന്റെ പൊള്ളയായ കെട്ടുകാഴ്ചകൾ നേരെ തൊടുത്തു വിടുന്ന മൂർച്ചയേറിയ ആക്ഷേപഹാസ്യശരങ്ങളാണ് കളരിപ്പയറ്റ്, വാനരന്മാർ , മുലക്കുപ്പി, പിതൃപൂജ , ചൂള, സംസ്കാരം , കുട്ടിത്തേവാങ്കുകൾ തുടങ്ങിയ കവിതകൾ. മാനവികതയിൽ നിന്നും ഏറെ അകന്നു സംസ്കാരശൂന്യരായി, അന്ധവിശ്വാസങ്ങളുടെ പ്രചാരകരായി, വക്താക്കളായി മാറുന്ന വളരെ പ്രക്ഷുബ്ധമായ ഒരു ജീവിതാവസ്ഥയിലൂടെയാണ് ഇന്ന് മാനവർ സഞ്ചരിക്കുന്നത്. മുനകൂർപ്പിച്ച ആക്ഷേപഹാസ്യ ശരങ്ങളാണ് ഇത്തരക്കാർക്ക് നേരെ കവി കരുതിവയ്ക്കുന്നത്.

മാറാല മൂടിയ ഹൃത്തുക്കളെ തൂത്തുതുടച്ച് പുതുലോകം സൃഷ്ടിക്കാനുള്ള ആഹ്വാനങ്ങളും തന്റെ കവിതകളിൽ ഉടനീളം കവി പറയാതെ പറയുന്നത് കേൾക്കാം. മാറേണ്ടത് മർത്ത്യർ തന്നെയെന്നൂന്നിപ്പറയുകയാണ് അദ്ദേഹം കവിതകളിലൂടെ. അങ്ങനെ മാറാതെ വരികിൽ ചിതറിപ്പോകുന്ന ജീവിതങ്ങളെയും ബന്ധങ്ങളെയും അപ്രത്യക്ഷമാകുന്ന പാരിസ്ഥിതിക ചുറ്റുപാടുകളെയും ആവാസ വ്യവസ്ഥകളെയും കുറിച്ചുകൂടി കവി മുന്നറിയിപ്പായി പറഞ്ഞു വയ്ക്കുന്നുണ്ട്. വർഷങ്ങൾക്കു മുമ്പേ എഴുതപ്പെട്ടതാണ് ഈ കവിതകളെല്ലാം എങ്കിലും ഇന്നിനോട് ചേർത്ത് വായിക്കുമ്പോൾ അവയ്ക്ക് ഒട്ടും പ്രസക്തി നഷ്ടപ്പെടുന്നില്ല എന്നതു വായനക്കാരനും ബോധ്യമാകുന്നതാണ്. എന്നാൽ ഇദ്ദേഹത്തിന്റെ കവിതകൾ വേണ്ടും വിധം ചർച്ച ചെയ്യപ്പെട്ടിട്ടില്ല എന്നതാണ് വാസ്തവം. ഇത്തരുണത്തിൽ ഗാന്ധിജിയുടെ ഒരുവാചകം അദ്ദേഹം തന്നെ സ്മരണയിലേക്ക് കൊണ്ടുവന്നത് ഇവിടെ കുറിക്കട്ടെ.

Even if I stand alone, I shall be alive inthe grave and what is more speaking from it.

ചർച്ച ചെയ്യപ്പെട്ടാലും ഇല്ലെങ്കിലും കവി ഇന്നത്തെ തലമുറയോട് തനിക്ക് പറയുവാനുള്ളത് വർഷങ്ങൾക്കു മുമ്പേ എഴുതിവച്ചിരിക്കുന്നു എന്നതാണ് യാഥാർഥ്യം.

●

# അടർന്ന ചില്ലുകൾ



ദിവ്യ സി ആർ



'മടുപ്പ്..

വെറുപ്പ്..

മരവിപ്പ്..

മരിച്ചു കിട്ടാനുള്ള കാത്തിരിപ്പുകൾ..

ചില ജീവിതങ്ങൾ/ കഥകൾ ഇങ്ങനെയും എഴുതി തുടങ്ങാം..'

ആ മനുഷ്യനെ കണ്ടുപിരിഞ്ഞ അവസാന നിമിഷത്തെക്കുറിച്ച് അങ്ങനെയാണ് എഴുതാൻ തോന്നിയത്.!

ജീവിതത്തിന്റെ വസന്തകാലത്തിൽ എങ്ങനെയോ മുറിവേറ്റു പോയൊരു മരച്ചില്ല.! അതിനെ എത്രത്തോളം പരിചരിച്ചിട്ടും മുറികൂടാതെ ആഴത്തിൽ വ്രണപ്പെട്ടു കൊണ്ടിരിക്കുന്നുവെന്ന് വളരെയേറെ വൈകിയാണ് തിരിച്ചറിഞ്ഞത്.

എത്രയെത്ര രാവുകൾ..

പകലുകൾ..

മുറിവുണങ്ങാതങ്ങനെ...

എവിടെയാണ് അയാൾക്ക് തെറ്റിപ്പോയതെന്നറിയില്ല. അനന്തമില്ലാതെ പരന്ന വെള്ളിവെയിൽ പോലെ, അയാൾക്ക് മുന്നിൽ തിളച്ചു മറിഞ്ഞ്; ജീവിതമങ്ങനെ..

ഒറ്റയ്ക്ക്, നീണ്ട വഴിയരികിലേക്ക് നിസ്സഹക നിസ്സഹായനായി നോക്കിയിരുന്ന ആ മനുഷ്യനോട് ആർദ്രതയുടെ നേർത്ത നോട്ടങ്ങൾ എന്നിൽ നിന്നെപ്പോഴോ അടർന്നു വീണിരുന്നു; അയാളത് ഒരിക്കലും പ്രതീക്ഷിക്കാതിരുന്നിട്ടും.!

യാദൃശ്ചികമായി നീളുന്ന നോട്ടങ്ങളിൽ നിന്നാണ് ആ വലിയ പ്രേതാല



യം പോലെയുള്ള പഴകിദ്രവിച്ച വീട്ടിനുള്ളിലേക്കും അയാളിലേക്കും പരിചയപ്പെടലിന്റെ സ്പന്ദനങ്ങളുമായി ചെന്നു കയറണമെന്ന ആഗ്രഹം തോന്നിയത്. എൺപതിനോടടുത്ത പ്രായമുള്ള കാഴ്ചയിൽ സൗമ്യത പ്രസരിപ്പിക്കുന്ന മുഖത്തേക്ക്; അയാളുടെ കഥകളിലേക്ക്..

അയാൾക്ക് പറയാനുള്ള അയാൾ അനുഭവിച്ച ജീവിതം തേടി വളരെ അലസമായ യാത്ര.!

'ഇത്രയും വലിയൊരു വീട്ടിൽ അയാളെങ്ങനെ ഒറ്റയ്ക്കായിപ്പോയി.?'

എന്ന ചോദ്യത്തിന് നാട്ടുകാരിൽ നിന്നും അറിഞ്ഞ മറുപടികളിൽ പക്ഷേ ഞാൻ തൃപ്തിയായിരുന്നില്ല. രണ്ടോ മൂന്നോ വിവാഹം കഴിഞ്ഞെന്നും അതിൽ ജനിച്ച മക്കളെയും ഭാര്യമാരെയും അതിക്രൂരമായി ആട്ടിയോടിച്ചുവെന്നും വാർദ്ധക്യത്തിന്റെ അവസാന വഴികളിൽ ഒപ്പം ജീവിക്കാൻ വന്ന സ്ത്രീക്ക് സ്വത്തിലായിരുന്നു കണ്ണെന്നു മനസ്സിലാക്കി അവരെ നാട്ടുകാരുടെ മുന്നിൽവച്ച് തല്ലി ഓടിച്ചെന്നുമുള്ള കഥകളിൽ പക്ഷേ എന്നെ തൃപ്തിപ്പെടുത്താൻ മാത്രം കാമ്പുള്ളതായി ഒന്നും തോന്നിയില്ല. അയാളെക്കുറിച്ച് ചോദിച്ചവരൊക്കെയും 'ദുഷ്ടതയുടെ പാപഭാരം സ്വയം ചുമക്കട്ടെ.' എന്ന വാക്യങ്ങളിൽ ഒതുക്കി അയാളെ ന്യായീകരിക്കാൻ നിൽക്കാതെ വാക്കുകൾ ചുരുട്ടി.

ആർക്കും നല്ലതൊന്നും പറയാനില്ലാത്ത ആ മനുഷ്യനിലേക്ക് എന്തിന് നടക്കുന്നു.? എന്നത് പലതവണ ഞാൻ എനിക്കുള്ളിൽ ചോദിച്ചു കൊണ്ടിരുന്നു. സുഹൃത്തുക്കളോടും വീട്ടുകാരോടും അയാളെ കുറിച്ചും അയാളെ പരിചയപ്പെടുവാനുള്ള എന്റെ കൗതുകത്തെക്കുറിച്ചും പറയുമ്പോൾ എല്ലാവരും ഒരേ സ്വരത്തിൽ 'വേണ്ട.!' എന്നാണ് മറുപടി പറഞ്ഞത്. എഴുന്നേറ്റു നടക്കാൻ പോലും പരിതാപകരമായ ഈ ജീവിതാവസ്ഥയിൽ കഴിയുന്ന അയാളിൽ നിന്ന് എനിക്കെന്ത് ആപത്താണ് സംഭവിക്കുക..? അയാൾക്കു നേരെ നിങ്ങളൊന്ന് ഓരോ പുച്ഛവും ഈ ലോകമെത്ര ക്രൂരമാണെന്ന എന്റെ കാഴ്ചപ്പാടിനെ ഊ

ട്ടിയുറപ്പിക്കുന്നുവെന്നത് എന്നിൽ ചെറുതല്ലാത്ത വേദന പടർത്തി.

ഇത്രയും മനുഷ്യർ ഒരേ സ്വരത്തിൽ അയാളെക്കുറിച്ച് മോശമായ അഭിപ്രായം സൂക്ഷിക്കുമ്പോൾ അതിൽ എന്തെങ്കിലും സത്യം ഉണ്ടാകാതിരിക്കുമോ.? ചിന്തകൾ അങ്ങനെയും കാടുകയറാതിരുന്നില്ല. അയാളെ കാണാനുള്ള യാത്ര എന്നായാലും കൃത്യമായി ആലോചിച്ചു മതിയെന്ന തീരുമാനത്തിന് മുന്നിൽ ഞാൻ കീഴടങ്ങി.

ദിവസങ്ങൾ കടന്നുപോയി. വഴിയൊരുക്കിലെ ആ വീട്ടിൽ കാണുന്ന മനുഷ്യന്റെ അവശതകൾ നാൾക്കുനാൾ കൂടിക്കൂടി വന്നു. എങ്കിലും തനിക്ക് നേരേ നീളുന്ന ആ കണ്ണുകൾക്ക് അഭൗമമായ ഒരു പ്രസരിപ്പ് വർദ്ധിക്കുന്നത് പോലെ.

അന്നത്തെ ദിവസം തലവേദന ആണെന്ന് പറഞ്ഞ് ജോലി കഴിഞ്ഞ് നേരത്തെ വീട്ടിലേക്കിറങ്ങുമ്പോൾ അവളുടെ എന്റെ കാലുകൾ ആ വലിയ ബംഗ്ലാവിലേക്ക് തിരിഞ്ഞു. മതിലുകൾ പകുതിയും പൊട്ടിപ്പൊളിഞ്ഞ് കരിയിലപ്പടർപ്പുകളിൽ ഒച്ച പടർത്തി മുന്നോട്ടു നീങ്ങുമ്പോൾ പുറത്തെ കാർഷെഡ്ഡിൽ ആ വൃദ്ധൻ ഇരിക്കുന്ന കസേരയും മൂന്നു വടിയും അയാളിലേക്ക് നോക്കിയിരിക്കുന്നു.! മുറ്റത്തെ കാൽപ്പെരുമാറ്റം ശ്രദ്ധിച്ചിട്ടാവണം വീടിനുള്ളിലെ വാതിൽ വലിയ ശബ്ദത്തോടെ തുറന്നു. പുറത്തേക്കിറങ്ങിയ വൃദ്ധൻ എന്നെ കണ്ടതും:

‘ വാ..മോളെ... അകത്തേക്ക് വരൂ..‘

അടർന്നു തുടങ്ങിയ വാക്കുകൾ അവ്യക്തമായി എന്നെ ക്ഷണിച്ചു. മറ്റാരുമില്ലാതെ നിശബ്ദത പടർന്ന വീട്ടിലേക്ക് കയറി ചെല്ലാൻ അല്പമൊന്നൊരു ഭയം തോന്നിയെങ്കിലും അയാളുടെ ക്ഷണം സ്വീകരിച്ച് ഞാൻ അകത്തേക്ക് കയറി. എന്തൊക്കെയോ എണ്ണകളുടെയും കഷായത്തിന്റെയും മനുഷ്യവിസർജ്ജ്യത്തിന്റെയും നനവ് പടർന്ന് വൃത്തിയില്ലാത്ത അന്തരീക്ഷം, രൂക്ഷഗന്ധം വീട് മുഴുവൻ പടർന്ന പന്തലിച്ച് ആരെയും ഉള്ളിലേക്ക് കടത്തിവിടാനാകാത്ത വിധം പ്രതിരോധം തീർത്തിരിക്കുന്നു. വയറ്റിൽ നിന്നും ഉരുണ്ടു കയറിയ വിമ്മിഷ്ടം, പുറത്തേക്കോ അകത്തേക്കോ കടക്കാനാവാതെ ഞാൻ അസ്വസ്ഥതപ്പെട്ടു. പ്രായമായ മനുഷ്യരുടെ വീട്ടിൽ സ്ഥിതികൾ ഇതൊക്കെതന്നെയാവാം.. എന്നോർത്ത് ഛർദ്ദിക്കാനായി ഉരുണ്ടുകൂടിയ പ്രവാഹം ശാന്തതപ്പെട്ടു. വാർദ്ധക്യം രോഗമല്ലെന്നും ജീവിതാവസ്ഥയാണെന്നും മനസ്സിൽ ഒരിക്കൽകൂടി പറഞ്ഞുറപ്പിച്ച് വൃത്തിഹീനമായ സാഹചര്യത്തെ ന്യായീകരിച്ച് ചിന്തകൾ; അയാളുടെ ശക്തമായ ചുമകൾ കൊണ്ട് എന്നെയുണർത്തി. അടുത്തേക്കു വരുന്ന അയാളുടെ നിർത്താതെയുള്ള ചുമ എന്നെ അലോസരപ്പെടുത്തി. കോവിഡിന് ശേഷമുള്ള പകർച്ചവ്യാധികളും രോഗങ്ങളും അവയെക്കുറിച്ചുള്ള മുന്നറിയിപ്പുകളും മനസ്സിലുയർന്നുവന്നു. ഒരു മാസ്ക് പോലുമെടുക്കാതെ അവിടേക്കു വന്ന നിമിഷത്തെക്കുറിച്ച് ഒരു നിമിഷമോർത്തു.

എന്റെ മുഖഭാവം ശ്രദ്ധിച്ചിട്ടാവണം ആ വൃദ്ധൻ ദൂരേക്ക് മാറിനിന്നു. കൈയ്യിൽ കരുതിയ ഒരു കവർ അയാൾ എനിക്ക് നേരെ നീട്ടി. ആദ്യം മടിച്ചുവെങ്കിലും എനിക്കത് വാങ്ങാതിരിക്കാൻ കഴിഞ്ഞില്ല. തുറന്നു നോക്കുമ്പോൾ അയാളുടെ സമ്പത്തിന്റെ രേഖകൾ അടങ്ങിയ കുറെ പേപ്പറുകൾ.!

’ ഇതെന്തിന് എനിക്ക് നൽകി.?’ എന്നത് ചോദിക്കുവാനാകാതെ കണ്ണുകളിൽ ജലധാരകൾ നിറഞ്ഞു. അതൊക്കെ കവറിനുള്ളിലാക്കി മേശപുറത്തേക്കുവച്ച് അയാളെയൊന്നു തിരിഞ്ഞു പോലും നോക്കാനാകാതെ ഞാൻ തിരികെ നടന്നു.

ഈ സമ്പാദ്യത്തിന്റെ പേരിലാണ് ഒരുകാലത്ത് അയാൾ എല്ലാവരെയും നഷ്ടപ്പെടുത്തിയത്. ഭയം കൊണ്ടും പിടിച്ചടക്കൽ കൊണ്ടും സമ്പത്താണ് വലുതെന്നുവച്ച് അടർത്തി മാറ്റിയ ചില്ലകൾ ഇന്നയാൾക്ക് കുറ്റബോധം സമ്മാനിക്കുന്നു. ഇന്ന് ഈ സമ്പാദ്യംകൊണ്ടൊന്നും നേടിയില്ലെന്നും അടർന്നുപോയ ചില്ലകളുടെ ഭാരം ഇനിയും തനിക്ക് താങ്ങാൻ കഴിയില്ലെന്ന കുറ്റബോധവുമായിരിക്കണം അയാളെ ഇന്നുകളാൽ കാലം പരുവപ്പെടുത്തിയത്.

കരുണ നിറഞ്ഞ ഒരു നോട്ടം മാത്രം പ്രതീക്ഷിച്ച് നാളെയും ആ വൃദ്ധൻ മുറ്റത്തിരിക്കുമായിരിക്കും..!

‘ ഈ ലോകമെത്ര വിചിത്രമാണ്; അതിലേറെ മനുഷ്യരും.!‘

ലേഖനം

# കാലാവസ്ഥ വ്യതിയാനവും ഭാവിയും




അജിത രാജൻ
അക്കരപ്പുറം


കഴിഞ്ഞ കുറച്ചു വർഷങ്ങളായി ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നായി മാറിക്കഴിഞ്ഞിരിക്കുന്നു കാലാവസ്ഥ വ്യതിയാനം. പ്രകൃതിയുടെ താളം തെറ്റിക്കുന്ന ഈ മാറ്റം മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളെയും നേരിട്ട് ബാധിക്കുന്ന ഒന്നാണ്. ഭൂമിയുടെ ശരാശരി താപനിലയിൽ ഉണ്ടാകുന്ന അസാധാരാമായ മാറ്റങ്ങളേയും അതിന്റെ ഫലമായി ചൂട്, മഴ, കാറ്റ് തുടങ്ങിയവയിൽ സംഭവിക്കുന്ന വ്യതിയാനങ്ങളേയും കാലാവസ്ഥവ്യതിയാനം എന്നു വിളിക്കാം. ഇത് ഒരു ദിവസമോ ഒരു വർഷമോ അല്ല നീണ്ടു നിൽക്കുന്നത് മറിച്ച് ഇതൊരു ദീർഘകാലപ്രക്രിയയാണ്.

***താളം തെറ്റുന്ന പ്രകൃതി നിയമങ്ങൾ***

ഒരു കാലത്ത് മനുഷ്യനന്മമാത്രം കാംക്ഷിക്കുന്ന സഹവാസിയായിരുന്നു പ്രകൃതി. കാലാവസ്ഥ താളം തെറ്റാതെ നീങ്ങി,നദികൾ വഴിതെറ്റാതെ ഒഴുകി, കാടുകൾ ശ്വാസമായി നിലനിന്നു. എന്നാൽ ഇന്ന് ആ താളംതെറ്റി. പലപ്പോഴും മുന്നറിയിപ്പുകൾ തന്നിട്ടും മനുഷ്യന്റെ സ്വാർത്ഥത നിയന്ത്രണാധീതമായി തുടർന്നു.വ്യവസായ മലിനീകരണം അമിതമായ ഖനനം നിയന്ത്രണമില്ലാത്ത നഗരവൽക്കരണം, വനനശീകരണം അമിതമായ ഇന്ധന ഉപയോഗം എന്നിവയിലൂടെ മനുഷ്യൻ തന്നെ സൃഷ്ടിച്ചെടുത്തൊരു വിനയാണിത്. പ്രകൃതിയെ ചൂഷണം ചെയ്ത മനുഷ്യന്റെ പ്രവർത്തനങ്ങൾ ഭൂമിയുടെ സ്വാഭാവികസന്തുലിതാവസ്ഥയെ തകർത്തു എന്നതാണ് സത്യം! അതിനാൽ ഒരിടത്ത് അതിവൃഷ്ടിയും മറ്റൊരിടത്ത് കടുത്ത വരൾച്ചയും അനുഭവപ്പെടുന്ന അവസ്ഥ രൂപപ്പെടുകയും ചെയ്യുന്നു.



കൂടാതെ മഞ്ഞുപാളികളുരുകുന്നു, സമുദ്രനിരപ്പ് ഉയരുന്നു. വരൾച്ചയും പ്രളയവുമുണ്ടാകുന്നു. പരിസ്ഥിതിയിൽ മാറ്റങ്ങളുണ്ടാകുന്നതിന്റെ വ്യക്തമായ ലക്ഷണങ്ങളാണിവ അതിനാൽ തന്നെ ഒരു കാലത്ത് അപൂർവ്വങ്ങളായിരുന്ന ദുരന്തങ്ങൾ ഇന്ന് പതിവ് കാഴ്ചകളായിമാറുന്നു

നാളെ നമ്മുടെ ഭൂമി എങ്ങനെയായിരിക്കുമെന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? പ്രകൃതി മനുഷ്യന്റെ ശത്രുവല്ല സഹയാത്രികയാണ്. ചൂഷണം ചെയ്താൽ തിരിച്ചടിക്കും സംരക്ഷിച്ചാൽ നമ്മെയും സംരക്ഷിക്കും.

കൃഷി, ആരോഗ്യസംരക്ഷണം കുടിവെള്ള ലഭ്യത എന്നിവയെയെല്ലാം കാലാവസ്ഥ വ്യതിയാനം മോശമായി ബാധിച്ചിരിക്കുകയാണ്. പ്രധാനമായും കർഷകരും സാധാരണ ജനങ്ങളുമാണ് ഈ മാറ്റങ്ങളുടെ ഇരകളായി മാറുന്നത്. കേരളത്തിൽ വർദ്ധിച്ചു വരുന്ന അനിയന്ത്രിതമായ മഴ , മണ്ണിടിച്ചിൽ, കടൽക്ഷോഭം എന്നിവ വർദ്ധിച്ചു വരുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളേയും മോശമായി ബാധിക്കുന്നു കൃഷി നശിക്കുന്നു, കുടി വെള്ളക്ഷാമം ഉണ്ടാകുന്നു കടലോരങ്ങൾ ഇല്ലാതാകുന്നു അനവധി ജീവജാലങ്ങൾ വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്നു. ഒരു കാലത്ത് അനുഗ്രഹമായിരുന്ന പ്രകൃതി ഇന്ന് ദുരന്ത വാഹകയായി മാറിയിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.



***ജനങ്ങളുടെ മനോഭാവം മാറണം***

പ്രകൃതിയോടുള്ള നമ്മുടെ സമീപനം മാറ്റാതെ മുന്നോട്ട് പോകാനാവില്ല. കാലാവസ്ഥ വ്യതിയാനം ഏറെക്കുറെ മനുഷ്യൻ സൃഷ്ടിച്ച പ്രശ്നമാണ്. മനുഷ്യന്റെ സ്വാർത്ഥത വർദ്ധിക്കുമ്പോൾ പ്രകൃതി പതിയെ തന്റെ സഹിഷ്ണുഭാവം കൈവിടുകയാണ്. ഒരു കാലത്ത് നമ്മുടെ ജീവിതതാളത്തിനൊത്ത് നീങ്ങിയിരുന്ന പ്രകൃതി ഇന്ന് മനുഷ്യന്റെ അതിരില്ലാത്ത ആഗ്രഹങ്ങളുടെ ഭാരത്താൽ പൊറുതിമുട്ടിയിരിക്കുകയാണ്. അതിനാൽ പരിഹാരവും മനുഷ്യനിൽ നിന്നും ഉണ്ടാകേണ്ടതാണ്. ഇന്ന് നാം എടുക്കുന്ന ചെറിയ കരുതലുകൾ പോലും നാളെയുടെ വലിയ രക്ഷയായേക്കാം. വന സംരക്ഷണം, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം, മാലിന്യസംസ്ക്കരണം എന്നിവ കാലാവസ്ഥ വ്യതിയാനം കുറയ്ക്കാൻ സഹായിക്കുന്ന പ്രധാന മാർഗ്ഗങ്ങളാണ്. ഇതിനായി സർക്കാർ തലത്തിലും വ്യക്തിഗത തലത്തിലും ഒരുപോലെ നടപടികൾ ആവശ്യമാണ്.

വികസനം എന്ന പേരിൽ നടക്കുന്ന അനിയന്ത്രിത പ്രവർത്തനങ്ങളും പ്രകൃതിയുടെ തുലനം തകർക്കുന്നു. കാടുകൾ കെട്ടിടങ്ങളായി മാറി. നദികൾ മാലിന്യച്ചാലുകളായി. ശുദ്ധമായിരുന്നവായു വിഷമയമായി. വ്യവസായവൽക്കരണവും നഗരവൽക്കരണവും മനുഷ്യജീവിതം എളുപ്പമാക്കിയെങ്കിലും ഭൂമിയുടെ താപനില ഉയരുകയും കാലാവസ്ഥയുടെ സ്വഭാവം തന്നെ മാറുകയും ചെയ്തു. ഈ വ്യതിയാനങ്ങൾ മനുഷ്യജീവിതത്തെ മാത്രമല്ല, മുഴുവൻ ജീവജാലങ്ങളേയും ബാധിക്കുന്നു. ജലസ്രോതസ്സുകൾ വറ്റുന്നു, തീരപ്രദേശങ്ങൾ കടലെടുക്കുന്നു. പല ജീവിവർഗ്ഗങ്ങളും വംശനായത്തിന്റെ വക്കിലെത്തുന്നു.

ഭൂമിയുടെ ആപ്പുകല്ലു കളാണ് പാറകൾ എന്നു പറയാറുണ്ട്. ഭൂമിയെ താങ്ങിനിറുത്തുന്ന ഈ പാറകളെ സ്ഫോടനങ്ങളിലൂടെ തകർത്ത് ക്വാറികളാക്കുന്നത് പ്രകൃതിക്കെതിരായ വലിയ ആക്രമണമാണ്. മലകൾ പിളർത്തപ്പെടുമ്പോൾ മുറിപ്പെട്ട ഭൂമി വേദനിക്കാതിരിക്കയില്ലല്ലോ! ഭൂചലനങ്ങൾ, മണ്ണിടിച്ചിലുകൾ, ജൈവവൈവിധ്യത്തിന്റെ ഇല്ലായ്മ ഇവയെല്ലാം ക്വാറി പ്രവർത്തനങ്ങളുടെ ഭീകരഫലങ്ങളാണ്. ഇത് മനുഷ്യന്റെ സുരക്ഷയെതന്നെ ചോദ്യം ചെയ്യുന്നു.

***വയനാട് ദുരന്തം പ്രകൃതിയുടെ മുന്നറിയിപ്പ്***

സംസ്ഥാനം സാക്ഷ്യംവഹിച്ച മഹാദുരന്ത മായിരുന്നു വയനാട് ഉരുൾപ്പൊട്ടൽ. മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങൾ നാമാവശേഷമാകും വിധം തകർന്നുപോയത് നാം കണ്ടതാണ്. എത്രയോ ജീവനുകൾ പൊലിഞ്ഞു പോയി.ഒരു സ്വാഭാവിക അപകടം മാത്രമല്ലഇത് ,മനുഷ്യൻ വർഷങ്ങളായി പ്രകൃതിയോട് ചെയ്ത അനീതികളുടെ പ്രതിഫലനമാണ്. മലനിരകൾ ഇടിച്ചു നിരത്തിയും കാടുകൾ വെട്ടിനീക്കിയും അതിലോല പ്രദേശമായിരുന്നയിടങ്ങളിൽ കൂടുതൽ കെട്ടിട സമുച്ചയങ്ങളും മറ്റും ചെയ്ത് മണ്ണിനെ മർദ്ദിച്ചതിലൂടെ ദുരന്തത്തിനുള്ള വിത്ത് പാകിയിരുന്നു. കനത്തമഴ അവസാന പ്രേരകമായിരുന്നു. എന്നാൽ ദുരന്തത്തിന് വഴിയൊരുക്കിയത് മനുഷ്യന്റെ അഹങ്കാരവും അശ്രദ്ധയുമാണ്. വയനാട് ഇന്ന് ഒരു പ്രദേശത്തിന്റെമാത്രം പേരല്ല, പ്രകൃതിയോട് അനീതി ചെയ്താൽ തിരികെ ലഭിക്കുന്ന മറുപടിയുടെ പേരാണ്. വയനാട് മാത്രമല്ല തൃശ്ശൂരിലെ കുറാഞ്ചേരി പോലുള്ള ഇടങ്ങളിലുണ്ടായ മണ്ണിടിച്ചിൽ ദുരന്തങ്ങൾ പ്രകൃതിയെ അവഗണിച്ച മനുഷ്യന്റെ അഹങ്കാരത്തിനുള്ള മുന്നറിയിപ്പുകളാണ്. ഈ അനുഭവങ്ങളിൽ നിന്നും പഠിക്കാതെപോയാൽ അടുത്ത ദുരന്തം വിദൂരത്തല്ല.



***പ്രകൃതി സംരക്ഷകരെ മാതൃകകളാക്കുക***

സുഗതകുമാരി, മാധവ് ഗാഡ്ഗിൽ പോലുള്ള പ്രകൃതിസംരക്ഷകരുടെ പ്രസക്തി അതീവശ്രദ്ധേയമാണ്. പശ്ചിമഘട്ട ങ്ങളെ സംരക്ഷിക്കണമെന്ന് ശാസ്ത്രീയമായി മുന്നറിയിപ്പു നൽകിയ മാധവ് ഗാഡ്ഗിലിന്റെ നിരന്തരമായശബ്ദം അവഗണിക്കപ്പെട്ടു. പ്രകൃതി ദിനംപ്രതി കൂടുതൽ അനാഥയാകുമ്പോഴാണ് ഭൂമിയെ അമ്മയായികാണുന്ന, കാടുകളെ ജീവവായുവായി കരുതുന്ന,പാറകളെ അസ്ഥികളായി കരുതുന്ന ഇത്തരം മനുഷ്യർ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു എന്ന് ബോധ്യപ്പെടുന്നത്.

***പ്രകൃതിയുടെ ഭാവി***

ഇത്തരം സാഹചര്യങ്ങളിൽ പ്രകൃതിയുടെ ഭാവി, പ്രകൃതിയ്ക്കുനേരെയുള്ള മനുഷ്യന്റെ നിലപാടുകളെ ആശ്രയിച്ചാണിരിക്കുന്നത്. പരിസ്ഥിതിസംരക്ഷണം ഒരു ആഡംബരമല്ല മറിച്ച് അടിയന്തിര ആവശ്യമാണെന്ന് മനുഷ്യൻ തിരിച്ചറിയണം. പ്രകൃതിയുടെ ഭാവി മനുഷ്യന്റെ കൈകളിലാണ്. വനസംരക്ഷണം, ജലസംരക്ഷണം, വായു സംരക്ഷണം, പുനരുപയോഗ ഊർജ സ്രോതസ്സുകൾ, പരിസ്ഥിതി സൗഹൃദജീവിതശൈലി, മാലിന്യ നിയന്ത്രണം എന്നിവ ജീവിതശൈലിയാക്കേണ്ടതുണ്ട്. ഇനിയും വൈകിപ്പിക്കാനാവാത്ത ഉത്തരവാദിത്വം നാം അറിയേണ്ടതുണ്ട്. പ്രകൃതിയെ കിഴടക്കാമെന്ന് മനുഷ്യൻ കരുതുന്ന ഓരോ നിമിഷവും അവൾ അവന്റെ അഹങ്കാരത്തിന് മറുപടി കൊടുത്തു കൊണ്ടേയിരിക്കും. അതുകൊണ്ടുതന്നെ പ്രകൃതിയോടൊപ്പം ജീവിക്കാനാണ് ,മനുഷ്യൻ പഠിക്കേണ്ടത് അതിനെതിരെയല്ല. ഇങ്ങനെ ചെയ്താൽ മാത്രമേ ഭാവിതലമുറയ്ക്ക് ജീവിക്കാൻ യോഗ്യമായൊരു ഭൂമി നമുക്ക് സമ്മാനിക്കാൻ കഴിയൂ. പ്രകൃതിയെ സംരക്ഷിക്കുമ്പോൾ ഭൂമിയെ സംരക്ഷിക്കുക മാത്രമല്ല നാം ചെയ്യുന്നത്, മനുഷ്യന്റെ തന്നെ ഭാവിയെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം പുന:സ്ഥാപിക്കുന്നതിലാണ് യഥാർത്ഥവികസനം.

' ഇനിയും മരിക്കാത്തഭൂമി നിന്നാസന്ന-
മൃതിയിൽ നിനക്കാത്മശാന്തി
ഇത് നിന്റെ(എന്റെയും)ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ചഗീതം'

ഒ.എൻ.വി.യുടെ ഈ വരികളിലൂടെ തന്നത് വലിയൊരു മുന്നറിയിപ്പാണ്. ഇതു കേൾക്കാതെ പോയാൽ ഭാവിയിൽ ഈ ചരമശുശ്രൂഷ യാഥാർത്ഥ്യമായി മാറും.

കവിത



ശ്രീജ വിജയൻ

# മുഖാരിക്കുന്ന്



ചേലക്കരയുടെ
 പ്രധാന പാതയിൽ
 ഒരു കുന്നുണ്ടായിരുന്നു.
 ഒന്നാന്തരംകുന്ന്,
 മുഖാരിക്കുന്ന് .

മുഖവരിക്കുന്നായിരിക്കണം
മുഖാരിക്കുന്നായത്.
മുഖാരിയെന്നാൽ ഒരു രാഗം .
ഇവിടെ ചേലുള്ള കരയുടെ
മുഖദർശനം.
പ്രൗഢതയെസമ്പന്നമാക്കിയഉയർച്ച

കോൺവെന്റിൻ വളവും,
തിരിവും
കടന്ന് കുതിച്ചെത്തും
വണ്ടികളെ,
കിതപ്പാറ്റിയ കുന്ന്.
കാത്തിരിപ്പുക്കാർക്കൊരിടത്താവളം
കായികാഭ്യാസത്തിനരങ്ങാം -
മൈതാനത്തെ വഹിച്ച്,
ദേശപ്പെരുമയാം തലമയെ
വാനോളമുയർത്തിയ
പാരമ്പര്യം.
നിമ്നോന്നതമാം യാത്രയെ
രസിപ്പിച്ചവൾ.
ഇറക്കത്തിൽ 'വയറുകാളി'ക്കുന്നിൻ
പ്രതീതിയുള്ളിൽ
നിറച്ചവൾ.
ആസ്പത്രിക്കും, ചേലായ കരയ്ക്കു -
മിടയിൽ ഉയർന്നു നിന്ന
ഇടനിലക്കാരി.

കുന്നുകയറി,
 ഇറക്കമിറങ്ങിയ
 കനവുകൾക്ക്
 നിരപ്പായ പാതകൾ
 വേണമെന്നായപ്പോൾ
 നിരന്തര
 സ്വപ്നക്കാഴ്ചയായപ്പോൾ
 കാട് നാടായി
 നാട് നഗരമായി
 നാട്ടിൻപ്പുറ നന്മ-
 വാക്കുകളിലേക്കൊടിയൊളിച്ചു.

കുന്നിൻ ഉയർച്ചയെ
മണ്ണുമാന്തിയന്ത്രം വാരിക്കളഞ്ഞതല്ല
പുതുകാല സഞ്ചാരത്തിന്
വഴിമാറിക്കൊടുത്തതാണ്.

'അയ്യോ..'
'വയ്യ.'
'എന്തൊരു കുന്ന് .'

പ്രയോഗങ്ങളിൽ മനം മടുത്ത്
മാറിക്കൊടുത്തതാണ്.
കനവിൻ നെഞ്ചിൽ നിരന്ന
പാതയ്ക്കിരുവശമായിപ്പോഴും
നിരന്നു കിടപ്പുണ്ട്
സഹശയനത്തിന്റെ ശീതളിമയിൽ.
മുഖാരിക്കുണ്ടാണിപ്പോ
മുഖാരിക്കുന്ന്.
കടന്നു പോയ
കാലം പേറുന്ന
പേരുമായി.
സുഖദ സ്മരണകൾ



# കളിവാക്ക്

കളിവാക്കാൽ കൊരുത്തു ജാതകം
തെളിവായിപ്പകുത്തു ജീവിതം
മിഴിചിമ്മി ഉണർന്നു കവിതകൾ
മിഴിവേറും കുറിമാന രേഖകൾ.
വിരിയിട്ടകത്തിരുന്നൊരാൾ
തിരിയിട്ടഴകേറ്റി നിന്നൊരാൾ
പുറമേറെപ്പതിഞ്ഞൊരാദരാൽ
പുളകങ്ങൾ പെരുത്തൊരുൾത്തടം
പതിവായ്ക്കാഴ്ചയേറ്റി കണ്ണുകൾ
പലതായിപ്പെരുത്തു ചിന്തകൾ.
വിരിയും മൊട്ടിലുരുമ്മി വന്നിടും
ചെറുകാറ്റിൻ ചുണ്ടിലത്ഭുതം.
മധുവേന്തും മലർവാടി തേടിയി-
ന്നതിവേഗം പാഞ്ഞെത്തി വണ്ടുകൾ
ചതിമൂടിക്കുരുത്ത തേന്മൊഴി
പതിയെ കാതിലോതി കിന്നരം
പലവട്ടസ്സമാഗമങ്ങളിൽ
പിടിവിട്ടൊഴിവായ് വിവേകവും.
കെണിവെച്ചിരതേടി കിങ്കരൻ
ഇണതൻ നെഞ്ചിലമർന്നു പൈങ്കിളി
നിണമൂറ്റി നിറമാർന്നമർഷമായ്
പിണമായ് പിഴുതെറിഞ്ഞുടച്ചവൻ
അതിവേഗം ഗതിമാറി കാലവും
അകതാരിലിന്നങ്കലാപ്പുമായ്
കഥചൊല്ലിക്കവർന്ന യൗവ്വനം
മൊഴിചൊല്ലിത്തകർത്തെറിഞ്ഞിവൻ.
വഴിമുട്ടി മുട്ടിലിഴഞ്ഞിടു-
ന്നൊരുമാത്രമിന്നി സാന്ത്വനം
പഴിചൊല്ലിപ്പകുത്തിടാതിനി-
കുതികൊള്ളാനുറച്ചു കാലുകൾ!



ജയപാലൻ കാര്യാട്ട്

# നമ്മൾ

ഒരിയ്ക്കലും
ഒന്നുചേരാനാവാത്ത
സമാന്തര പാതകളിൽ
ഹൃദയത്തിൽ നിന്ന്
ഹൃദയത്തിലേക്ക്
ജീവനിൽ നിന്ന്
ജീവിതത്തിലേക്ക്
പ്രണയത്തിന്റെ
നേർരേഖകൾ
വരയ്ക്കുന്നവർ.

ഒരിക്കലും
പെയ്യാത്തൊരു മഴയെ
സ്വപ്നം കണ്ട് കണ്ട്
ഉടൽവള്ളികളിലാകെ
പൂക്കൾ വിരിയിച്ചവർ.
കാത്തിരിപ്പിന്റെ
മയൂര മിഴികളിൽ
മോഹങ്ങളുടെ
വർഷരാഗങ്ങൾ
തിരഞ്ഞുപോയവർ.

കാലത്തിന്റെ
മുറിവു പാടങ്ങളിൽ
പ്രണയത്തിന്റെ
വിത്തെറിഞ്ഞ്
വിരഹത്തിന്റെ
നോവു പതിരുകൾ
പിഴുതെറിഞ്ഞ്
വിളവെടുപ്പിന്റെ
ഉന്മാദത്തിലേക്ക്
ഹൃദയം കൊരുത്തവർ .

ഓരോനിമിഷവും
പ്രണയനിർവൃതിയെ
ധ്യാനിച്ച്
ഭ്രാന്തുപൂക്കുന്ന
ചെമ്പരത്തിക്കാടുകളിൽ
ചുവന്ന് തുടുത്ത്
ആരുമറിയാതെ
വിരിഞ്ഞവർ.

നീലാകാശത്തിനും
നീലനിലാവിനും
തോരാത്ത മഴയ്ക്കും
പുലർക്കാലമഞ്ഞിനും
ആഞ്ഞുപുൽകുന്ന
തിരയ്ക്കും
നിന്റെ ഓർമ്മയെന്ന്
കവിതയെഴുതുന്നവർ.

അവർ നമ്മളായിരുന്നു !






ഷീബ ദിനേഷ്,
എരമംഗലം

കവിത

# പ്രണയകെണി



എന്റെ നെഞ്ചിൽ കുളിരായ് പെയ്യുന്ന
നിന്റൊരു നോട്ടമുണ്ട്,
എന്റെ മനസ്സാകെ നിറയ്ക്കാൻ കൊതി പുരണ്ട
നിന്റൊരു വാക്കുമുണ്ട്
ഒടുവിൽ നീ മറന്നുപോകുമ്പോൾ
ഉടയുന്ന ഹൃദയവുമുണ്ട്

ഇനി പറയാമല്ലോ,,,?
എന്നെ ഇഷ്ടമാണന്ന്,,,

അശ്രദ്ധമായ വള്ളികളാൽ
നീയെന്റെ കാലിൽ ഒരു കുരുക്കിട്ടു.

എന്നിലെ നിഗൂഢമായ വിജനതയിലേക്ക്
നീ ഭയലേശമന്യേ ഇറങ്ങി നടന്നു.

എനിക്കൊരിക്കലും,
നിന്നിൽ നിന്ന് മോചനം വേണ്ട.

ഉന്മാദത്തിന്റെയും, ഉച്ചാടനത്തിന്റെയും
ഊർദ്ധ്വൻ വലിയിൽ ഞാനെന്നെത്തന്നെ മറക്കുന്നു

കെണിയിലകപ്പെട്ട
ജീവിയെ പോലെ.



സരസ്വതി ബിജു

കവിത

# വഴിത്തിരിവ്

നിബിൻ കള്ളിക്കാട്



ഇന്നു നാം നടക്കുന്നൊ റോഡും
പെട്ടെന്നു നമുക്കുമുന്നിലൊരു
ദിവസം തെളിഞ്ഞതല്ല ,
അതിരുകൾ ഭേദിച്ചു ചിലരാദ്യം
നടന്നപ്പോഴാണാദ്യമതൊരു
ചെറിയ നടവഴിയായത്...
പിന്നയെന്നുമതിന്റെ അതിരുകളെ
ചൊല്ലി അറിയാത്തവരോട്
പലരോടും കലഹിച്ച് ,
വാക്കുകളിലൂടെയൂന്നി ഭീഷണികളെ
താണ്ടി ചിലർ ശീലമായപ്പോൾ
നടന്നു നടന്നു പോയി..

അങ്ങനെ പതിഞ്ഞ
കാൽപ്പാദങ്ങളാണ് വഴിയ്ക്കു -
തടസ്സമായി വളർന്നു നിൽക്കാൻ
ഒരുക്കി വച്ചിരുന്ന വന്മരമാക്കുന്ന
വിത്തിന്റെ വളർച്ച പാടേ മുരടിപ്പിച്ചത്..
വഴി മറച്ചു വളർന്ന പുല്ലുകളുടെ
വളർച്ചകൾ ചവിട്ടിമെതിച്ചത്..
അതിരുകളെല്ലാവർക്കും
തുല്യമാണെന്നും നടത്താവകാശം
സ്വന്തം കാലിനാണെന്നും അവരാണ്
ആ വഴിയിലെഴുതി വച്ചത്...,



മറ്റുള്ളവർ വിരൽ ചൂണ്ടുന്ന
ആജ്ഞക്കപ്പുറം മറുവാക്കിന്റെ
മറുപടിയുണ്ടെന്ന് തന്റേടത്തോടെ
വഴിയിൽ കാണിച്ചു തന്നത്...,
അതിരുകളിട്ട കപടവിശ്വാസത്തിന്റെ
ഉള്ളിലെ ചതിവു പൊളിച്ചു തന്നത്...
വിപ്ലവത്തിന്റെ ദൂരമുന്നറിയിപ്പുകൾ
വഴിനീളെയാദ്യം പറഞ്ഞത്...,
വിപ്ലവ പാതയിലൂടെ മനുഷ്യ -
വംശത്തിന്റെ മാറ്റം മനസ്സിലാക്കിച്ചത്

അറിയാതെ കുഴഞ്ഞുവീഴുമ്പോൾ
ചുമന്നു പോകുവാനൊരു വഴി
വേണമെന്ന് അധികാരത്തോടായി
ആദ്യമപേക്ഷയും സമരവുമായി
ആവശ്യമറിയിച്ചു പൊരുതി നിന്നത്....,
ഇരുൾ വീണിടുങ്ങി കാഴ്ച മങ്ങിയ
അറിവിന്റെ ഇടവഴികളിൽ
വെളിച്ചം വേണമെന്ന തോന്നലോടെ
എവിടെയുമോടി നടന്നത്.

ക്ഷയിച്ചരോഗ ചികിത്സയ്ക്കായി
ചെറുപാതയിൽ നിന്നും
റോഡായി മാറ്റിയാൽ ജീവന്റെ
നിലനിൽപ്പു കൂടുമെന്നൂട്ടിയുറപ്പിച്ചത് ,
ചെറു റോഡിൽ നിന്നും വലിയ
റോഡായാൽ ലോകമിനിയും
കൂടുതൽ നന്നാകുമെന്നാദ്യം
ലോകത്തെ സ്വപ്നം കാണിച്ചത്...

റോഡിലിട്ട ടാറിന്റെ മേലൊരു
വന്മരവും ഒരിക്കലും ഭാവിയിൽ
മുളച്ചുപൊന്തില്ലെന്നുറപ്പു വരുത്താൻ
അരികവകാശമാക്കിയ വന്മരങ്ങളും
വിത്തും ചേർത്തു മുറിച്ചുതള്ളിയത്..
ക്ഷീണത്തിൽ വിശ്രമിക്കാൻ
ഇരിപ്പിടമൊരുക്കിയത്..
കുടിക്കാൻ ദാഹജലം
പാതയിൽ മുൻകൂട്ടി വച്ചത്..

നാളെ പൊള്ളുന്ന കാലുകളെ മുൻ -
കൂട്ടികണ്ടിന്നിന്റെ തണൽമരം വച്ചത്
അങ്ങനെയങ്ങനെയോരോ -
അവകാശവുമറിവും നിയമങ്ങളും
നമ്മുടെ പാതയിലുണ്ടെന്ന്
പറയാതെ പറഞ്ഞു വച്ചത്,..
പാതയിലതിരുകൾ പരസ്പരം
ഭേദിക്കാതിരിക്കാൻ മനുഷ്യ ബോധ -
വശങ്ങൾ നിയമമാക്കിയത്


ഇന്നു നാം നടക്കുന്നൊരു റോഡും
പെട്ടെന്നൊരു ദിനം നമുക്കുമുന്നിൽ
കണ്ണിലിങ്ങനെ തെളിഞ്ഞതല്ല..
അതിരുകൾ ഭേദിച്ചു പലരും നടന്ന
മറവിയിലാണത് വലിയ പാതയായത്.

# പുഞ്ചിരിയുടെ അവശേഷിപ്പുകൾ

കവിത



ആതിര ഗുപ്ത



ഒരു മൊരിഞ്ഞ ദോശ കട്ടിചട്ണിയിൽ
മുക്കി കുതിർത്തി എടുക്കുമ്പോഴേക്കും
പ്രിയപ്പെട്ടവനെ നീ അരികിൽ വരിക...

ചൂടുകാപ്പി ഊതിക്കുടിക്കുമ്പോൾ
കണ്ണിലേക്കടിക്കുന്ന ആവി
കണ്ണാടിചില്ലിൽ തട്ടി എന്റെ
കാഴ്ചകളൊക്കെ മങ്ങലേൽപ്പിക്കുമ്പോൾ
പ്രിയപ്പെട്ടവനെ നീ തുടച്ചു മാറ്റുക....

ആകാശത്തോളം പോന്ന വിശേഷങ്ങൾ
വാതോരാതെ പറയുമ്പോഴും
മടുപ്പില്ലാതെ കേട്ടിരിക്കാനുള്ള
നല്ല മനസ്സേ നിനക്കിനി വിശ്രമിക്കാം...

കാരണം ഞാനിന്ന് പോവുകയാണ്
യാത്രപറച്ചിലുകളില്ലാതെ....
ഇനിവരാനിടയില്ലാത്ത പുഞ്ചിരിയുടെ
അവശേഷിപ്പുകൾ നമ്മിൽ
എന്നും നിലനിൽക്കട്ടെ....

# വെറുതെ ചില വാക്കുകൾ

കവിത



നിഥിൻകുമാർ ജെ



ആരാകണം നിനക്ക് ഞാൻ സഖി?
ആരോ പാടിയ പല്ലവിയോ?
ആരോ വിടർത്തിയ അക്ഷരപൂക്കളോ?

ആരാകിലെന്ത്?
ആരോ ചൊല്ലിയ കഥകളിലെ
ആരുടെയും നോട്ടമെറിയാത്ത
ഉപനായകസ്ഥാനമാണിന്നുമെനിക്ക്.

നിദ്ര പൂക്കുന്ന
യാമങ്ങളിലൊന്നിലെ
ഒടുവിലത്തെ നിമിഷംവരെയും
ഞാൻ സമയസുഗന്ധമക്ഷരങ്ങൾ
നൽകാം.
ആരാകണമെന്നൊരു പാഴ്വാക്കിനൊരു
ചുണ്ടനക്കത്തിനായി.

ദൂരമുണ്ടെന്ന്
ചൊല്ലുവാൻ മാത്രമിന്നും
അടുത്തിരുന്നില്ല നാം.
വീണ്ടുമൊരു ചോദ്യം
ഞാൻ തൊടുത്തു വിടാം.
കൈയെത്തും ദൂരമാണെങ്കിലും
കണ്ണെത്താദൂരമുണ്ടിരു
ഹൃദയങ്ങൾത്തമ്മിൽ.


ഉടലറിഞ്ഞവനുള്ളമറിയാത്ത കാലമല്ലേ.
എഴുതി പഴകിയ അക്ഷരങ്ങൾ കൊണ്ടിനി
നിനക്കായ് ഞാൻ എന്തെഴുതാൻ?

# നിദ്രാടനത്തിലെ കടൽ

കവിത



കുഞ്ഞച്ചൻ മത്തായി



ഇന്നലെയാണ് എന്റെ ഉറക്കത്തിൽ വന്നു
കടൽ വിളിച്ചുണർത്തിയത്
ഞാൻ ആർത്തിരമ്പുന്നത് നീ കാണുന്നില്ലേ
എന്റെ ചുഴിയിൽ
നിനക്ക് സുഖമായി ഉറങ്ങാമല്ലോ?

ഞാനും എന്റെ പ്രാണനും അല്ലാത്ത
ഒരുവളുമായി കണമ്പിൻ കുഞ്ഞിന്
ചൂണ്ടയിടുമ്പോഴാണ്കടലിന്റെകാടു
കയറിയ ചൊറിഞ്ഞ സംസാരം

സുന്ദരിയായ പ്രാണൻ ഉണ്ടായിട്ടും നിനക്ക്
തെരുവ് രാഗത്തോട് എന്തിനാണ് ഇത്ര കമ്പം ?
അവൾക്കിന്ന് രൂപ മാത്രമേയുള്ളൂ
രണ്ടെണ്ണത്തെ ജന്മം കൊടുത്ത
ശേഷം മുഴ കാരണം
മെത്തപാത്രം ഛേദിച്ചു കളഞ്ഞു

പിന്നെ, അവിടുന്ന് കിട്ടാവുന്ന വേദന
മാത്രമെനിക്കെന്തിനാ?
അപ്പോൾ മിണ്ടാട്ടമില്ലാതെ കടൽ
അവന്റെ വഴിക്ക് നടന്നോ ?
പിന്നീട് ഇന്നേവരെ
അവനെഞാൻ കണ്ടിട്ടേയില്ല

# വേരുകൾ തേടുന്ന കാറ്റ്



ഉണ്ണി ഭാസുരി

പതിവുപോലെ ഉച്ചവെയിലിൽ മുറ്റത്തെ മാവിൻചുവട്ടിലിരുന്ന് ലക്ഷ്മിയമ്മ പ്ലാവില കുത്തിതുന്നുകയാണ്. ദൂരെ മെയിൻ റോഡിൽ ഒരു വണ്ടി നിന്നാൽ ലക്ഷ്മിയമ്മ അറിയാതെ തലയുയർത്തി നോക്കും. അത് മകൻ സേതുവാണോ എന്ന് കണ്ണുകൾ പരതും.

'ഓ... അത് പ്രകാശന്റെ ഓട്ടോയാ...' അവർ സ്വയം പിറുപിറുത്തു.

അടുക്കളയിൽ നിന്ന് മരുമകൾ സന്ധ്യ ഇറങ്ങിവന്നു. 'അമ്മേ, ആ വെയിലത്ത് ഇരിക്കാതെ ഇങ്ങോട്ട് കയറി ഇരിക്ക്. ഏട്ടൻ വരാൻ വൈകും. സിറ്റിയിലെ ബ്ലോക്ക് അറിയാമല്ലോ.'

ലക്ഷ്മിയമ്മ ഒന്ന് ചിരിച്ചു. 'അതല്ല സന്ധ്യേ, ഓൻ വരുന്നത് എനിക്കാ പച്ചക്കറി തരാനൊന്നുമല്ലല്ലോ. ആ കുട്ട്യോളെ ഒന്ന് കാണാനല്ലേ. ഈ ഫോണിൽ കണ്ടിട്ട് ഒരു തൃപ്തി വരുന്നില്ല.'

സന്ധ്യ ഒരു നെടുവീർപ്പിട്ടു. അതാണ് ഇന്നത്തെ കാലത്തെ 'നാട്ടുനടപ്പ്'. സേതുവും കുടുംബവും ടൗണിലാണ് താമസം. വലിയ ഫ്ലാറ്റ്, എസി, കുട്ടികൾക്ക് വലിയ സ്കൂൾ. മാസത്തിലൊരിക്കൽ അവർ തറവാട്ടിലേക്ക് വരും. പക്ഷേ വന്നാൽ...

വൈകുന്നേരത്തോടെ സേതുവിന്റെ കാർ മുറ്റത്തെത്തി. മക്കൾ അച്ചുവും ചിന്നുവും കാറിൽ നിന്നിറങ്ങിയത് കയ്യിലൊരു ടാബും പിടിച്ചാണ്. അവർ വന്ന് അമ്മൂമ്മയെ ഒന്ന് കെട്ടിപ്പിടിച്ചു, പിന്നെ നേരെ ഉമ്മറത്തെ സോഫയിലേക്ക് ഇരിപ്പായി. കണ്ണ് സ്ക്രീനിൽ നിന്ന് മാറുന്നില്ല.

'കുട്ട്യോളെ, ആ പറമ്പിൽ ചക്ക വീണുകിടക്കുന്നുണ്ട്. അതൊന്ന് പോയി നോക്കിക്കേ,' ലക്ഷ്മിയമ്മ സ്നേഹത്തോടെ പറഞ്ഞു.

'അമ്മൂമ്മേ, ഇവിടെ ശരിക്കു റേഞ്ച് കിട്ടുന്നില്ല, ഞങ്ങൾ ഈ ഗെയിം ഒന്ന് തീർത്തോട്ടെ,' അച്ചുവിന്റെ മറുപടി കടുപ്പത്തിലായിരുന്നു.

രാത്രി ഭക്ഷണത്തിന് എല്ലാവരും ഇരുന്നപ്പോൾ സേതു പറഞ്ഞു, 'അമ്മേ, അടുത്ത മാസം ഞങ്ങൾക്ക് ഒരു വിദേശയാത്രയുണ്ട്. കുട്ടികൾക്ക് അതാണ് ഇഷ്ടം.'

ലക്ഷ്മിയമ്മ പതിയെ പറഞ്ഞു, 'അതിനൊക്കെ പൊയ്ക്കോ മോനേ. പക്ഷേ, ഈ മണ്ണും ഈ പറമ്പും ഒന്ന് അറിഞ്ഞു വളരണ്ടേ ഇവർ? നമ്മൾ കഞ്ഞിയും പയറും കൂട്ടി ഇലയിൽ ഉണ്ണുന്നതിന്റെ രുചി ഈ ഫോണിൽ നോക്കിയാൽ ഇവർക്ക് മനസ്സിലാവുമോ?'

പെട്ടെന്നാണ് കറന്റ് പോയത്. വീടാകെ ഇരുട്ടിലായി. കുട്ടികൾ ബഹളം വെക്കാൻ തുടങ്ങി. ഫോണിന്റെ ചാർജ് തീരുമെന്ന പേടിയിൽ അവർക്ക് സങ്കടമായി. ലക്ഷ്മിയമ്മ ഒരു മെഴുകുതിരി കത്തിച്ചു ഉമ്മറത്ത് വെച്ചു.

'ഇങ്ങോട്ട് വായോ... അമ്മൂമ്മ ഒരു കഥ പറഞ്ഞുതരാം.'

ആ ഇരുട്ടിൽ, മെഴുകുതിരി വെട്ടത്തിൽ ലക്ഷ്മിയമ്മ തന്റെ കുട്ടിക്കാലത്തെ കഥകൾ പറഞ്ഞു. കാവിൽ പൂതം വരുന്നതും, തോട്ടിൽ മീൻ പിടിച്ചതും, മഴയത്ത് കടലാസ് തോണി ഒഴുക്കിയതും. പതുക്കെ പതുക്കെ ആ ഡിജിറ്റൽ ലോകം മറന്ന് കുട്ടികൾ അമ്മൂമ്മയുടെ അരികിലേക്ക് നീങ്ങിയിരുന്നു. അച്ചു തന്റെ ടാബ് മടക്കിവെച്ചു.



'അമ്മൂമ്മേ, നാളെ രാവിലെ നമുക്ക് ആ തോട്ടിൽ പോയി മീൻ പിടിക്കാമോ?' ചിന്നു ചോദിച്ചു.

സേതുവും സന്ധ്യയും ആ കാഴ്ച നോക്കി നിന്നുപോയി. പണത്തിനും ആധുനിക സൗകര്യങ്ങൾക്കും ഇടയിൽ തങ്ങൾ മറന്നുപോയ ആ 'പഴയ നാട്ടിൻപുറം' ഒരു മെഴുകുതിരി വെട്ടത്തിൽ തിരികെ വന്നിരിക്കുന്നു.

'നമ്മൾ എത്ര വളർന്നാലും മോനേ, വേരുകൾ ഈ മണ്ണിലാണ്. അത് മറക്കരുത്,' ലക്ഷ്മിയമ്മ സേതുവിന്റെ തലയിൽ തലോടിക്കൊണ്ട് പറഞ്ഞു.

പുറത്ത് അപ്പോൾ നിലാവുദിച്ചിരുന്നു. നാട്ടിൻപുറത്തെ കാറ്റിന് പഴയതിനേക്കാൾ മധുരമുള്ളതുപോലെ സേതുവിന് തോന്നി.

# വിരലടയാളം

ഷംല ആവള



നിലവിളക്കിന് മുന്നിൽ കിടത്തിയിരി ക്കുന്ന അമൃതയുടെ ചേതനയറ്റ ശരീരത്തിന ടുത്ത് കരച്ചിലടക്കാൻ പാട് പെട്ട് കൊണ്ടിരി ക്കുകയാണ് അമലും ഭാര്യ ആശയും. അകലെ നിന്നൊന്നും അധികമാരും വരാനില്ലാതിരുന്നത് കൊണ്ട് തന്നെ ശരണിന്റെ വീട്ടുകാർ വന്നു കണ്ടതോടെ മൃതദേഹം കർമങ്ങൾ ചെയ്തു അടക്കാനെടു ത്തു.

തിരക്കൊഴിഞ്ഞ വീട്ടിൽ അടുത്ത ബന്ധുക്കളും ശരണിന്റെ വീട്ടുകാരും

മാത്രമായി,വൈകുന്നേരത്തോടെ ശരണിന്റെ അമ്മയും അച്ഛനും പെങ്ങളുമൊക്കെ പിന്നെ വരാമെന്നു പറഞ്ഞു യാത്രയായി.

ആരൊക്കെയോ വന്നു ആശ്വാസവാക്കുകൾ പകരുമ്പോഴും ആശയുടെ കണ്ണിൽ ക്രൂരമായ ചിരി ആരെയും കാണിക്കാതെ ഒളിപ്പിച്ചു വെച്ചിട്ടുണ്ടായിരുന്നു.

അമലിന്റെ ഇളയ സഹോദരിയായിരുന്നു അമൃത. മിലിറ്ററിയിൽ ജോലി ചെയ്യുകയായി രുന്ന ശരണുമായി വിവാഹം കഴിഞ്ഞിട്ട് ഏഴു വർഷമായിരി ക്കുന്നു,

അഞ്ചു വർഷം മുമ്പുണ്ടായ ഒരു ആക്സിഡന്റ്ൽ ശരൺ മരണപ്പെടുകയായിരുന്നു.അഞ്ചു വർഷമായിട്ടും കുട്ടികൾ ആവാത്ത സങ്കടം രണ്ടു വീട്ടുകാരെയും സങ്കടപ്പെടുത്തിയിരുന്നു. ശരണിന്റെ കൂടെ

ജോലിസ്ഥലത്തു തന്നെയായിരുന്നു അമൃതയും.

അന്ന് താൻ ഗർഭിണിയായെന്ന സന്തോഷം നാട്ടിൽ വിളിച്ചു പറഞ്ഞു നാട്ടിലേക്ക് പുറപ്പെട്ടതായിരുന്നു

അവർ രണ്ടുപേരും. നാട്ടിലേക്കുള്ള യാത്രയിൽ എതിർവശത്തു നി

ന്ന്

വരുന്ന ബസുമായി കൂട്ടിമുട്ടി അവർ സഞ്ച രിച്ചിരുന്ന കാറു മായി കൂട്ടിമുട്ടി

കാർ തകർന്നു പോയി.

ശരൺ അവിടെ വെച്ച് തന്നെ മരണപ്പെട്ടു. ഇടിയിൽ അമൃതയു

ടെ നട്ടെല്ല് തകർന്നു, ഉദരത്തിൽ വിടർന്നു തുടങ്ങിയ പൂമൊട്ട്, ഗർഭപാത്രം തകർന്നു മണ്ണി ലടിഞ്ഞു.

മനസ്സിനും ശരീരത്തിനും മുറിവേറ്റ അമൃത പിന്നെ ജീവന്റെ ഒരു തുടിപ്പ് മാത്രം അവശേ ഷിക്കുന്ന വെറും ശരീരമായി അമലിന്റെ വീട്ടി ലേക്ക്


പോന്നു, ശരണിന്റെ മരണാനന്തര ഫണ്ടുക ളും, മസാമാസം അമൃതക്ക് കിട്ടുന്ന പെൻഷ നും കണ്ടു ആശ അമൃതയെ ആദ്യമൊക്കെ ന ന്നായി പരിപാലിച്ചു. പിന്നെ പിന്നെ മടുപ്പ് വ ന്നു കേറിയതോടെ എങ്ങനെയെങ്കിലും അമൃ ത മരിച്ചു കിട്ടിയാൽ മതിയായിരുന്നു എന്നായി ചിന്ത.

കൊല്ലം രണ്ടു കഴിഞ്ഞതോടെ ആശ അമൃ തയെ ഇല്ലാതാക്കാൻ തന്നെ തീരുമാനിച്ചു.

അമൽ ഒരു ബിസിനസ്സ് ട്രിപ്പ് പോയപ്പോൾ അച്ഛനുമമ്മയും ഉറങ്ങിയ നേരം നോക്കി അമൃ തയുടെ റൂമിൽ പോയി, താൻ കരുതിവെച്ച മു ദ്രപേപ്പർ എടുത്ത് ആശ, അമൃതയുടെ

വിരലടയാളം അതിൽ പതിപ്പിച്ചു. അവളുടെ പേരിലുണ്ടായിരുന്ന സ്വത്തുക്കൾ ആശയുടെ പേരിലേക്ക്

എഴുതികൊടുത്ത സമ്മതപത്രമായിരുന്നു അ ത്. കാത്തിരുന്നത് പോലെ ദിവസങ്ങൾക്ക് ശേ ഷം അമൽ നേരത്തെ വന്നു ഉ റങ്ങാൻ കിടന്ന അന്ന് രാത്രി അമൃതയുടെ മുറിയിൽ കടന്ന് വാതിലടച്ചു. ഒച്ചയുണ്ടാക്കാതെ തലയണ കൊണ്ട് അമൃതയുടെ മുഖത്തു അമർത്തി ശ്വാസം മു ട്ടിച്ചു. മരണപ്പെട്ടു എന്ന് ഉറപ്പാ യതോടെ ആശ ഉറങ്ങാനായി റൂമിലേക്ക് പോയി.




പിറ്റേന്ന് രാവിലെ പതിവു പോലെ എഴുന്നേറ്റു ചായയുമാ യി അമൃതയുടെ മുറിയിൽ കേ റിയ ആശ സ്വാഭാവികതയോ ടെ അനക്കമില്ലാതെ കിടക്കുന്ന അമൃതയെ കണ്ട്ഉച്ചത്തിൽ നി ലവിളിച്ചു.

സ്വാഭാവികമരണമായി അ മൃതയുടെ മരണം സ്ഥിരീകരി ച്ചു. വേദനയുടെ നാളുകളിലൂ ടെ അമലും അച്ഛനുമമ്മയും ക ടന്നു പോകുമ്പോഴും അമൃത യുടെ വിരലടയാളം പതിഞ്ഞ പേപ്പർ അവരെ എങ്ങനെ അ വരെ അറിയിക്കും എന്ന ചിന്ത യിലായിരുന്നു ആശ. അപ്പോ ഴും ആ മുദ്രപേപ്പർ അവളുടെ അലമാരയുടെ ഉള്ളിൽ ഭദ്രമാ യിരുന്നു

●

# രാജയോഗം

കാർത്തിക



**മു**ത്തച്ഛന്റെ വസ്ത്രങ്ങൾ കഴുകിയിട്ടത് , തോരാത്ത മഴയ്ക്കിടയിൽ കുറച്ചുനേരംഉദിക്കുന്ന വെയിലിൽ ഉണങ്ങാനിട്ടു. താഴെത്തെ നിലയുടെ പടിഞ്ഞാറ്റിനിയിൽ ആസ്ബസ്റ്റോസ് മേഞ്ഞ ചായ്പ്പിന്റെ തെക്കെ മൂലയിലിട്ടിരിക്കുന്ന ചെറിയ പത്തായത്തിന്റെ അടുത്തിട്ടിരിയ്ക്കുന്ന മരക്കസേരയിലിരുന്നാൽ , മുത്തച്ഛൻ കിടക്കുന്ന മുറിയുടെജനവാതിലിലൂടെ പൂമുഖത്തു നിന്ന് ആരെങ്കിലും കയറി വരുന്നതും കാണാം.

ജനൽക്കർട്ടൻ ഇരു സൈഡിലേക്കും ജനലിന്റെ മരയഴിക്കുള്ളിൽ രാവിലെ ത്തന്നെ തിരുകികയറ്റി വയ്ക്കും.

മുത്തച്ഛനിപ്പോൾ പറയത്തക്ക ഓർമ്മക്കുറവ് വരാറില്ല.

പട്ടേരിയുടെ ചികിത്സയ്ക്ക് നല്ല ഫലം ഉണ്ട്. രാവിലെ മുത്തച്ഛന് നെറുകയിൽ ഇടാനുള്ള കുഴമ്പ് ഓടിന്റെ കൈത്തവിയിൽ ചൂടാക്കിയതും പച്ചമരുന്നിന്റെ പൊടികൾ ചേർത്ത് തിളപ്പിച്ചാറിയ വെള്ളത്തിന്റെ ജക്ഷുംകൊണ്ട് മേശപ്പുറത്ത് വയ്ക്കുന്നതിനുമുമ്പു തന്നെ,മുത്തച്ഛൻ പറയും ‘വസോ ആ ജനലങ്ങട്തൊറന്നോളാ

ആതുണിംങ്ങട് തെറുത്തുവച്ചോളു. ‘

അജയൻ അതിനു മുമ്പേ തന്നെ മുത്തച്ഛന്റെ പ്രാഥമിക ആവശ്യങ്ങളൊക്കെ നിർവഹിപ്പിച്ച് ഡയപ്പറും ധരിപ്പിച്ച് അലക്കി ഉണങ്ങിയ മുണ്ടും തോർത്തും ഉടുപ്പിച്ചിട്ടുണ്ടാവും.

ഈ കാര്യങ്ങളൊന്നും എന്നെക്കൊണ്ടു ചെയ്യിക്കില്ല. മുത്തച്ഛന് അതൊന്നും ഇഷ്ടല്ല.

ഇപ്പോൾ നല്ല ഉറക്കമായിരിക്കും.

ഉറങ്ങുകയാണോ അർദ്ധമയക്കമാണോന്നുംഅറിയില്ല.

മുത്തശ്ശിയുടെ മരണശേഷമാണ് അകായിയിലേക്കും അടുക്കളയിലേക്കും പുറത്ത് നിന്നൊരാളെ ജോലിയ്ക്കു വച്ചിരിക്കുന്നത്. വളഞ്ഞു കുത്തി നടന്നാണെങ്കിലും എല്ലാം മുത്തശ്ശി ത്തന്നെ എല്ലാക്കാര്യങ്ങളും ചെയ്തുപോന്നിരുന്നു.

വിളക്ക് വച്ച് പിൻ തിരിഞ്ഞ മുത്തശ്ശി കുഴഞ്ഞുവീണു മരണപ്പെടുകയായിരുന്നു. ഭാഗ്യ മ

രണം.!

പറയത്തക്ക , വിശ്രമമില്ലാത്ത ജോലിയൊന്നും ഇല്ല.

മുത്തച്ഛന്റെ മുറി അടിച്ചു വാരുന്നതും ജനലും വാതിലും ആഴ്ചയിലൊരിക്കൽ തൂത്തു തുടയ്ക്കുന്നതും അജയൻ തന്നെയാണ്.

അപ്പൂന്റെ ഭാര്യ പ്രസവത്തിനു പോയതിനാൽ അപ്പു ജോലി സ്ഥലത്ത് കൂട്ടുകാരുടെ റൂമേറ്റായി തുടരുന്നു.

കാലത്തെ പ്രാതലും കാപ്പിയും കഴിഞ്ഞാൽ ഉച്ചയൂണിനുള്ള മെഴുക്കുപുരട്ടിയും , സാമ്പാറോ , പുളിങ്കറിയോ, മോരുകറിയോ ഏതെങ്കിലുമൊന്ന് വച്ചുണ്ടാക്കിയാൽ മതി.

അതിന് മുത്തച്ഛന്റെ മുറിയിൽ നിന്നുംഅജയന്റെ അറിയിപ്പുണ്ടാകും.

'വസുധേച്ചി ഇന്ന് പുളിങ്കറി മതീട്ടോ ചക്കക്കുരു ശ്ശിട്ടോളൂ.

പിന്നെ അതിനുള്ള തയാറെടുപ്പായി.

അപ്പു ഉപയോഗിച്ച തുണികൾ ട്രോളി ബാഗിലാക്കി ആഴ്ചയിലൊരിക്കൽ വീട്ടിലെത്തിക്കും. അത്

തരം തിരിച്ച് വാഷിങ്ങ് മെഷീനിലിട്ട് പാകത്തിന് സോപ്പുപൊടി ചേർക്കുന്നതുംഅലക്കു കഴിഞ്ഞു ബക്കറ്റിൽ ഇട്ടുവയ്ക്കുന്നതും അജയനാണ്.പിന്നെയത് പിരിയൻ ഗോവണി കയറി പടിഞ്ഞാറ്റിയുടെ ചായ്പ്പിൽ ഉണങ്ങാനിടുതു മാത്രമാണെന്റെ ജോലി.



മുത്തശ്ശിയുടെ മരണശേഷം ഓർഡറനുസരിച്ച് ഓരോ ജോലികളും ഒരു വീട്ടമ്മയുടെ കൈത്തഴക്കത്തോടെ ചെയ്തു പഠിച്ചതാണ് ഈ രണ്ട് ആൺ മക്കളും

മുത്തച്ഛന്റെ തുണികൾ അലക്കു കല്ലിൽ തന്നെ അലക്കി .,കഞ്ഞി മുക്കണ്ടത് അങ്ങിനെ ചെയ്ത് ഉണക്കി എടുക്കണം.

പുതിയ ഒരു സുഗന്ധ ദ്രവ്യങ്ങളുടെ മണവും മുത്തച്ഛന്റെ മുറിയിലേക്കെത്തിയാൽ മുത്തച്ഛന് ചുമയും വലിവും തുടങ്ങും. നനയ്ക്കുമ്പോൾ തുണിയിലൊന്നും ലോഷനൊന്നും ഒഴിക്കില്ല.

അപ്പുവിന്റെ ഭാര്യ അനുജ യല്ലാതെ വേറാരും സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കാറില്ല.

അജയൻ IT കമ്പനിയിലാണെങ്കിലും വീട്ടിലിരുന്ന് ജോലി ചെയ്താൽ മതി. സൈറ്റ് ഡിം ആണെന്ന് പറഞ്ഞ് രാത്രി വൈകുവോളം മുകളിലെ മുറിയിൽ ജോലിയിലായിരിക്കും.

പകല് മുത്തശ്ശന്റെ കാര്യങ്ങളും അടുക്കളത്തോട്ടത്തിലെ പരിപാലനങ്ങളുംആയി ചെവിയിൽഇയർ ഫോണിലൂടെ പാട്ടും കേട്ട് പറമ്പിലൂടെ നടക്കും.നിത്യേന കറിവയ്ക്കാനുള്ള പച്ചക്കറികൾ അവിടന്നു പറിച്ചെടുക്കും.

എല്ലാം ടൈം ടേബിൾ പാലിച്ചു കൊണ്ടാണ് ഓരോ

ദിവസവും കടന്നുപോകുന്നത്.

......................

വസുധ വീണ്ടും ഓരോ ആലോചനയിൽ മുഴുകി.

ഈ മുത്തച്ഛന്റെ ചെറുപ്പകാലത്തെ ഫോട്ടൊ സ്വീകരണമുറിയിൽ തൂങ്ങുന്നുണ്ട്. അതിലെ മുത്തച്ഛന്റെ ച്ഛായ ആദ്യ കാഴ്ചയിൽ ഉള്ളിൽ ഉടക്കി. ശരിക്കും ആ സിനിമാക്കാരന്റെ ച്ഛായ!

അജയൻ ഒരു ദിവസ ०സംസാര മദ്ധ്യേ സൂചിപ്പിച്ചു. .'ഞങ്ങൾക്ക് ചെർപ്പുളശ്ശേരില് വീട് ,എന്നുച്ചാൽ വലിയ എട്ടുകെട്ടും മാളികവീടും കണ്ണായ സ്ഥലത്ത് ഒരേക്കർ 40 സെന്റ് സ്ഥലത്ത് . 'എട്ടുകെട്ടും മണിമാളികപ്പുരയും. ഭാഗം വച്ചപ്പോ....'.... ചില കാര്യങ്ങൾ !സംഭവങ്ങൾ !

ഇന്നും മനസ്സിൽ താലോലിക്കുന്ന സ്വപ്ന സമാനമായ ഓർമ്മകൾ

ഉൾ മുറിയിലെ മുത്തച്ഛന്റെ ഫോട്ടൊയുടെ സാദൃശ്യം !

അപ്പോഴേക്കും അജയനൊരു ഫോൺ കോൾ വന്നു.ആ സംസാര०അവിടെ മുറിഞ്ഞു പോയി..

ചില ഉച്ച നേരങ്ങളിലെ ദിവാസ്വപ്നങ്ങളിൽ

ചെർപ്പുളശ്ശേരിയിലെ വീടും പരിസരവും നാടും നാട്ടുകാരും ദേശോത്സവങ്ങളും നാട്ടാചാരങ്ങളും മനസ്സിലേക്കോടിയെത്തും.ആ ചെർപ്പുളശേരിയെ കുറിച്ചല്ലേ അജയൻ സൂചിപ്പിച്ചത്?

അച്ഛനും അമ്മയും ചേച്ചിയും അടങ്ങുന്ന കുടുംബാന്തരീക്ഷം പച്ചപിടിച്ചു നില്ക്കും മനസ്സിൽ എപ്പോഴും.

നല്ല മാർക്കോടെ പത്താം ക്ലാസ് ജയിച്ചതും കോളേജിലെ പഠന കാലവും മനസ്സിനെ കുളിരണിയിപ്പിക്കുന്ന ഓർമ്മകൾ

ചേച്ചിയുടെ വിവാഹത്തോടെ പരിമിത വരുമാനത്തിൽ നടന്നു പോയിരുന്ന അഛന്റെ പലചരക്കുകട കൂപ്പുകുത്തി തുടങ്ങി.

ചേച്ചിയുടെ കല്യാണത്തിന്റെയും തുടർന്നുണ്ടായ പ്രസവം ആണ്ടറുതികൾ കൊടുക്കൽ വാങ്ങലുകൾ അഛനെ

വലിയൊരു കടക്കാരനാക്കി. എന്റെ കോളേജു പഠനം തുടർന്ന് പോകാൻ പറ്റാതെ വന്നപ്പോൾ ഇടക്ക് വച്ചു നിർത്തി.

കടക്കാരുടെ ശല്യം നാൾക്കു നാൾ വർദ്ധിച്ചതും കടയിൽ സാധനങ്ങൾ വാങ്ങാൻ കാശില്ലാത്തതും വിവാഹത്തിലേക്കെത്താറായ എന്നെക്കുറിച്ചുള്ള ആവലാതികളും തുടർന്ന് പഠിപ്പിക്കാർ കഴിയാത്തതിലുള്ള മനോവിഷമവും ആയിരിക്കാം അച്ഛന്റെ ചിന്തകളെ തകിടം മറിച്ചതും ,അച്ഛനെ ആത്മഹത്യയിലേക്ക് നയിച്ചതും.

ജീവിതം എവിടേന്ന് തുടങ്ങണം എന്ന് ചിന്തിച്ച്പെരുവഴിയിൽ നെടുവീർപ്പിട്ടു നിന്ന സമയം.

ചേച്ചിയുടെ ഭർത്താവ് സഹായ മനസ്ഥിതിയുള്ളവനാണെങ്കിലും വീട്ടുകാരുടെ കാണാചരടിനറ്റത്തെ വീട്ടു മൃഗമായിരുന്നു. ജോലി ചെയ്ത ശമ്പളം ഒരുരൂപ കുറയാതെ അയാളുടെ അമ്മയെ ഏൽപ്പിക്കണം.

ചേച്ചിയെപ്പോലും ഇവിടെയ്ക്ക് അയക്കില്ല. ചേച്ചിക്ക് കൊടുത്ത സ്വർണ്ണം പോലും അമ്മായിഅമ്മയുടെ കസ്റ്റഡിയിലാണ്.

എന്തെങ്കിലും ഊരി പണയം വയ്ക്കാൻഇവിടെ തന്നാലോ എന്ന് കരുതിയാവാം. ഇവിടെ ക്ക് പറഞ്ഞു വിടില്ല.

എങ്ങിനെ ഒക്കെയോ ജീവിതം ഇഴഞ്ഞും വലിഞ്ഞും ഓരോ ദിവസവും കഴിഞ്ഞു പോയി.

ആയിടക്കാണ് ചെർപ്പുളശ്ശേരി പഴങ്ങാവ് മനയിലേക്ക് ഒരാളെ സഹായിയായി വേണം കുട്ടി,പ്പോ പഠിക്കാനൊന്നും പോണില്ലല്ലോ?. പോകാൻ പറ്റ്വോ?

ആടിന് പ്ലാവില തീറ്റ വെട്ടാൻ വന്ന സൈനുത്താത്തയാണ് അമ്മയോട് ചോദിച്ചത്.

അമ്മ കുറച്ചു നേരത്തെ മൗനത്തിനു ശേഷം എന്റെ മുഖത്തേക്കു നോക്കി.

ഞാൻ പോകാം അമ്മേ.! കുടിക്കാൻ കഞ്ഞിയും ഉടുക്കാൻ വസ്ത്രവും കിട്ടൂലോ ,!

ശരിയാ മോളെ നീ പറയുന്നത് അവിടത്തെ തമ്പുരാൻ ഗവൺമെൻറ് ജോലിക്കാരനാ. ആദ്യം ഒരു സംബന്ധത്തിൽ ആയമ്മ മരിച്ചു. കുറെ കൊല്ലങ്ങൾക്ക് ശേഷം അദ്യേം०വീണ്ടും കല്യാണം കഴിച്ചു . ആദ്യത്തെതിൽ

ഒരു മോനുണ്ട്. ആള് നാടകം പാട്ട് സിനിമ ഒക്കെ ആയിട്ടു നടക്കുകയായിരുന്നു.

കോളേജിലൊക്കെ പോയിരുന്നു. ഇപ്പോഴും ഏതാണ്ടൊക്കെ സിനിമ പഠിപ്പിക്കുന്ന വല്യ കോളേജില് കൽക്കത്തയിലാ.

ഇപ്പോ കെട്ടിയ ആയമ്മക്ക് രണ്ട് ഇരട്ട ആൺ മക്കളാ

അവരെ നോക്കി ഒരുക്കി സ്കൂളിൽ ആക്കാനും തിരിച്ചു കൊണ്ടുവരാനും അത്യാവശ്യം സഹായത്തിനും വേണ്ടിയാ ആളെ അന്വേഷിക്കണ് ,

കാര്യസ്ഥൻ ഉണ്ടായിരുന്നത് അയാളുടെ മകൻ ജോലി സ്ഥലത്തേക്ക് കൊണ്ടുപോയി.

തമ്പുരാട്ടിക്ക്പോളിയോ വന്ന് ഒരു കാലിനൽപ്പം സ്വാധീനക്കുറവുണ്ട്.ഈ മക്കൾ ഇരട്ടകളാണല്ലോ. ഇപ്പോൾ സ്കൂളിൽ പോകാൻ തുടങ്ങിയതിനാൽ അതു ങ്ങടെപിന്നാലെ ഓടാൻ പറ്റാണ്ടായി അതോണ്ടാ ആളെ അന്വേഷിക്കുന്നത്.

ഒരു വലിയ വിവരണത്താൽ മനയും അവിടത്തെ അന്തരീക്ഷവും മനസ്സിൽ കുടിയിരുന്നു.

അങ്ങിനെ പഴങ്ങാവ് മനയിലെ അന്തേവാസിയായി.

തിന്നാനും ഉടുക്കാനും സമൃദ്ധിയായി കിട്ടി. കിട്ടുന്ന ശബളം കൊണ്ട്അച്ഛനു പേക്ഷിച്ചു പോയ പല ചരക്കുകടകുറേശ്ശെ . പൊടിപ്പു വരാൻ തുടങ്ങി അമ്മയ്ക്കും അത് ഒരാശ്വാസമായി.

ജീവിതം ഒരു താളത്തിലങ്ങിനെ ഒഴുകി കൊണ്ടിരിക്കുന്നു വർഷം മൂന്ന് ആകാറായി.

തമ്പുരാന്റെ ആദ്യത്തെ വേളിയിലുണ്ടായിരുന്ന മകൻ സിനിമാ കമ്പക്കാരനായിരുന്നു.പൂനാ ഫിലിം ഇൻസ്റ്റ്യൂട്ടിൽ അഭിനയ പഠനം കഴിഞ്ഞു വീട്ടിലെത്തിയ സമയം തൊട്ടാണ് എന്റെ കഷ്ടകാലം തുടങ്ങിയത്.

ആദ്യമൊക്കെ ഒരു ഭയവും ഇല്ലാതെ ചോദിച്ചതിനെല്ലാം മറുപടി പറയുമായിരുന്നു. പിന്നീടാണ് വാക്കിലും നോക്കിലുംമാറ്റങ്ങൾ കണ്ടു തുടങ്ങിയത്.

ഒരു ദിവസം മുഖത്തു നോക്കി തന്നെ എന്നോട് പറഞ്ഞു'ഐ ലൗ യു വസുധാ നൈസ് നെയിം'

ആകെ അന്ധാളിച്ച് പോയി.

!

പ്രണയമെന്ന നീരാളിക്കൈകളായി തന്നെ ചുറ്റിവരിയുന്നൊരാളെ ഒഴിവാക്കാൻ സദാസമയവും ജാഗ്രതയോടെ ആ മണിമാളികയുടെ ചുറ്റും ഉഴറി നടന്നു..

ഇത് ആരോട് പറയും? സൂക്ഷിച്ചില്ലെങ്കിൽ കരിനിഴൽ തന്റെ ദേഹത്തും അപവാദം എന്റെ നെറുകയിലും പതിക്കും.

എവിടെയാണ് രക്ഷ! ഇവിടം ഉപേക്ഷിച്ചാൽ വീണ്ടും പട്ടിണിയിലേക്ക്. ഇവിടെ തുടർന്നാൽ . എന്തും സംഭവിക്കാം.

ആ അമ്മയോട് തുറന്നു പറഞ്ഞാൽ അവരത് ഏതുരീതിയിൽ മനസ്സിലാക്കുമെന്നറിയില്ല. ധർമ്മസങ്കടത്തിലക.പ്പെട്ട നാളുകൾ.!

ഒരു ദിവസം കുട്ടികളെ ബാത് റൂമിൽകുളിപ്പിച്ച് കഴിഞ്ഞു അവരെ ഒരുക്കുന്നതിനിടയിൽ അദ്ദേഹം മുറിയിലേക്ക് കയറി വന്നു. വളരെ സന്തോഷവാനായിരുന്നു പ്രശസ്ത ബംഗാളി നടിയോടൊപ്പം അഭിനയിച്ച സിനിമ കൽക്കത്തയിൽ നൂറു ദിവസം തികയാൻ പോകുന്നു. കന്നിയങ്കത്തിൽ വിജയശ്രീലാളിതനായ സന്തോഷം ,മുഖത്തെ ഭാവഹാവാദികളിൽ പ്രകടമാണ്. തുടരെ ഫോൺ വിളികളും , ആഘോഷങ്ങളുടെ നടത്തിപ്പുകളിലേക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തുള്ള മറുപടികളിലും ശ്രദ്ധ കൊടുത്തതു കൊണ്ടാണ് ഈ കാര്യങ്ങൾ മനസ്സിലാക്കാനായത്.



ഊണുമുറിയിൽ വച്ച് അമ്മയോട് ഈ സന്തോഷത്തിന്റെ കാര്യങ്ങൾ പറയുന്നതും , അമ്മ മറുപടിയായി പറയുന്നതുംകേട്ടു.

'വേദുട്ടാ, വയസ്സ് 27 കഴിഞ്ഞു ആഗ്രഹിച്ച പോലെ ഫീൽഡിൽ എത്തി. ഇനി ഒരു വേളിയൊക്കെയാവാം.

നിന്റെ മനസ്സിൽ എന്തെങ്കിലുംപ്ലാനുണ്ടോ?

അച്ഛൻ തമ്പുരാനോട് കഴിഞ്ഞ ദിവസം ഞാൻ സൂചിപ്പിച്ചിരുന്നു

ഇപ്പോൾ വേണ്ടമ്മേ.! ആണുങ്ങൾക്ക് 27 വയ

സ്സ് അതിരു കടന്ന പ്രായമാണോ?

എന്റെ മനസ്സിൽ ഒരു പ്ലാനുണ്ട് അത് സക്സസ്സ് ആയാലേ വേളിയുണ്ടാവു..

അമ്മ തമ്പുരാട്ടി കിടപ്പുമുറിയിലേക്ക് പോയി.

ഭക്ഷണം കഴിച്ചു കഴിഞ്ഞ മേശ വൃത്തിയാക്കാനെത്തിയ തന്നെ തടഞ്ഞു നിർത്തി ചെവിക്കരികിലേക്ക് മുഖം ചേർത്ത് പറഞ്ഞു...

'വസുധ –ഭൂമി അതിനാൽ ഞാൻ നിന്നെ ഭൂമികേ എന്ന് വിളിക്കും നിനക്കിഷ്ടല്ലേ? തനിക്ക് എന്നെ ഇഷ്ടമല്ലേ.? ഞാൻ തന്ന കത്തിനൊന്നും താൻമറുപടി തന്നില്ല. മൗനം സമ്മതമാണ് ല്ലെ?

എനിക്ക് തന്നെ ഒരുപാട് ഇഷ്ടാണ്

റിയലായിട്ടാണ് ഞാനിതെല്ലാം പറയുന്നേ. താനെന്താ സീരിയസ്സായി എടുക്കാത്തെ. ?

'ദയവായി എന്നെ ജീവിക്കാൻ അനുവദിക്കൂ. എനിക്ക് ഇതൊന്നും ഉൾക്കൊള്ളാൻ കഴിയില്ല. നിങ്ങളുടെ നിലമറന്ന് പെരുമാറരുത്. എന്നെ വെറുതെ വിട്ടേക്കു. '

എങ്ങിനെയോ പറഞ്ഞൊപ്പിച്ച് ,കുട്ടികളുടെ പഠന മുറിയിലെത്തി. കുട്ടികളെയും കൊണ്ടു് ഒരു വിധത്തിൽ മുറിയിൽ നിന്നും രക്ഷപ്പെടുകയായിരുന്നു.

പിന്നെകുറച്ചു നാളുകൾ മാത്രമേ ആ വീട്ടിൽ ജോലിക്ക് നില്ക്കാൻ സാധിച്ചുള്ളു.

കലാകാരനായ അയാളുടെ പ്രേമ ചേഷ്ടകളിൽ ആരുംആകൃഷ്ടരായിപ്പോകും നഷ്ടപ്പെടാനുള്ളത് പെണ്ണിനു മാത്രമാണ്.

ഒരു വിധത്തിൽ സൈനുത്താത്ത വഴി ആ ജോലിയിൽ നിന്നും പിരിഞ്ഞു പോരികയായിരുന്നു. പിന്നിങ്ങോട്ട് എത്ര എത്ര വീടുകളിൽ ചെറിയ കുട്ടികളെ നോക്കി !എത്ര വീടുകളിൽ വീട്ടു ജോലി ചെയ്തു.!

ഒരു സംഘടനയുടെ കീഴിലെ ജോലിയായതിനാൽ അമ്മയുടെ മരണശേഷം ഉള്ള വീട് വിറ്റ് കിട്ടിയ പണം ഡെപ്പോസിറ്റ് ചെയ്തു. വീട്ടിൽ ഒറ്റക്കെങ്ങിനെ കഴിയും?

പല കല്യാണാലോചനകളും വന്നു ഒന്നിന്നും മനസുവന്നില്ല. നിരാകരിച്ചപ്രണയമായിരുന്നെങ്കിലും 'ജാതവേദ 'നെന്ന ആ മനുഷ്യന്റെ മുഖം മനസ്സിൽപ്രേമ സങ്കല്പമായി വേരുറച്ചു പോയിരുന്നു. മനസ്സിൽ നിന്നും മാഞ്ഞു പോയിരുന്നില്ല.ആ ഓർമ്മകളെ താലോലിച്ച് ഈ നാലപ്പത്തി എട്ടാം വയസ്സു വരെ

പഴങ്ങാവ് മനയിൽ പിന്നീടുണ്ടായ സംഭവവികാസങ്ങൾ കൂടുതലറിഞ്ഞില്ല. ഒരു നിയോഗം പോലെ റെഡ്ക്രോസ് സംഘടന വഴിയാണ് ഈ വീട്ടിലെത്തിയത്. മുപ്പതു കൊല്ലം മുമ്പുള്ള കാര്യങ്ങളൊന്നും അപ്പുവിനും, അജയനും അറിയില്ല. അവർക്കെന്നെ അറിയില്ല കാരണംആ വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ അവർക്ക് 9വയസ്സ് തികഞ്ഞിട്ടില്ല..പിന്നെ എങ്ങിനെ എന്നെ മനസ്സിലാകും?.

പലപ്പോഴായി അപ്പുവിന്റെ ഭാര്യ അനുജയുടെ വർത്തമാനത്തിൽ നിന്നാണ് പഴങ്ങാവ് തറവാടിനെക്കുറിച്ചും പുട്ടപർത്തിയിൽ ചികിൽസയ്ക്കായ് പോയഅച്ഛനു അമ്മയും കാറപകടത്തിൽ മരിക്കുന്നതും.

തറവാട് പതിനാറ് ഭാഗം വച്ചപ്പോൾ മുത്തച്ഛനെ ഏറ്റെടുക്കാൻ ആരും തയ്യാറാവാതിരുന്നതും

അച്ഛനുമമ്മയുമില്ലാത്ത ഞങ്ങൾക്ക് മുത്തച്ഛനെയെങ്കിലും കിട്ടിയല്ലോ!? ഞങ്ങൾ നോക്കിക്കോളാം എന്ന് പറഞ്ഞതും ,

മുത്തച്ഛന് തൊണ്ണൂറ്റി മൂന്ന് വയസ്സായി മുത്തച്ഛന്റെ മരണശേഷമേ അജയൻ പെണ്ണുകെട്ടൂ എന്ന് ശപഥമെടുത്തതും , ഓരോ ദിവസങ്ങളിലായിട്ടുള്ള അനുജയുടെവിശേഷം പറച്ചിലിൽ നിന്നും മനസ്സിലായി.

അപ്പുവിന്റെയും , അജയന്റെയും അച്ഛനും അമ്മയും മരിക്കുമ്പോൾ ഇവർക്ക് 20 വയസ്സായിരുന്നു പ്രായം.

കൂട്ടുകുടുംബവും മരമക്കത്തായ സമ്പ്രദായങ്ങളും നിലനിന്നിരുന്നതിനാൽ ഇനി മുത്തച്ഛൻ മരിക്കുന്നതിനു മുമ്പു ഭാഗം നടത്തണമെന്നായി എല്ലാ കുടുംബാംഗങ്ങളും ഒരേ പിടി വാശി ഒരേക്കർ 40 സെന്റ് ഭൂമി ഭാഗം വച്ചാൽ ഇന്ത്യയിലെ പല ഭാഗത്തും വിദേശത്തും താമസമാക്കിയവർക്ക് നാലോ ആറോ സെന്റ് സ്ഥലം കിട്ടിയിട്ടെന്തിനാണ് ?

അച്ഛന്റെ മൂത്ത മകൻ സിനിമയും പത്രപ്രവർത്തനവുമായി ഡൽഹിയിലും കൽക്കട്ടയിലും പ്രസിദ്ധനും സമ്പന്നനും ആയിക്കഴിഞ്ഞിരുന്നു.

ഭാഗഭൂമിയിൽ എൺപത് സെന്റ് ഒഴികെ ബാക്കി ഭൂമിയും എട്ടു കെട്ടും മണിമാളികയും ജാതവേദൻ വില കെട്ടിയെടുത്ത് . അച്ഛന്റെയും രണ്ടാമത്തെ വേളിയായ അമ്മയുടെയും രണ്ടാൺ മക്കളുടെയും സ്വത്തിന്റെ മതിയായ വില തീരുമാനിച്ചുറപ്പിച്ച ധാരണ പ്രകാരം പണമായിത്തന്നെ കൊടുത്തു. പിന്നീട് ജാതവേദൻ ആ എട്ടുകെട്ടും മണിമാളികയും നല്ല വിലയ്ക്കു തന്നെ ഒരു അതി സമ്പന്നനു വിറ്റു. പണം സിനിമയിലേക്ക് ഇൻവെസ്റ്റു ചെയ്തു എന്ന് അനുജയിൽ നിന്നറിയാൻ കഴിഞ്ഞു.

മുത്തച്ഛനും മുത്തശ്ശിയും ആദ്യ കാലങ്ങളിൽ വാങ്ങിച്ചിട്ടിരുന്ന പഴയ രണ്ടു നില വീടിനെ ഈ നിലയിൽ പുതുതാക്കി എടുത്തത് അച്ഛന്റെയും അമ്മയുടെയുംഅപകട ഇൻഷുറൻസിന്റെ തുകയും അച്ഛന്റെ പെൻഷനും പിഫും ചേർന്ന തുകയും കൊണ്ടായിരുന്നു.

ഭാഗ പ്രകാരം ലഭിച്ച തുക ഇപ്പോഴും എഫ്ഡി യായി കിടപ്പുണ്ട്. എത്ര പരിചാരകരെ വയ്ക്കാനും ഇവിടെ പണത്തിനൊരു കുറവും ല്യ ഒരു രൂപ പോലും അപ്പുവും

അജയനും അനാവശ്യ മായി ചിലവാക്കില്ല.

അനുജയക്ക് വീട്ടുകാര്യങ്ങൾ പറയുമ്പോൾ

നൂറു നാവാണ്. അജയൻ വിവാഹിതനാകാത്തതിൽ നല്ല വിഷമമുണ്ട്. കുടുംബ സ്നേഹമുള്ള കുട്ടി.

സ്വന്തം വിദ്യാഭ്യാസത്തിനുസരിച്ചു സരിച്ച് ജോലിയെടുത്ത് ജീവിക്കുന്നു നഗര ജീവിതത്തോട് താല്പര്യമില്ലാത്തതിനാൽ മുത്തച്ഛന്റെയും മുത്തശ്ശിയുടെയും തറവാട്ടു വീട്ടിൽ കഴിയുന്നു. പുതിയ കാലത്തിലെ പ്രൌഢിയും പഴയ കാലത്തിലെ ട്രഡീഷണൽ . വാസ്തുശില്പകലയും ഒത്തിണങ്ങിയ വീട്..

ചിന്തയിൽ നിന്നുണർത്തിയത് അകത്തളത്തിലെ ലാന്റ് ഫോണിന്റെ ശബ്ദമായിരുന്നു. അജയൻ മുകളിലെ മുറിയിൽ നിന്നും കോണിയിറങ്ങി വരുന്ന ശബ്ദം .ബെല്ല് തീരുന്നതിനു മുമ്പേ ഫോണെടുത്തു.

'ഹലോ വല്ല്യേട്ടാ....

അതെയോ?

എന്നേക്ക് തിരിച്ചു പോകും?'

.........

'അപ്പുവിന്റെ ഉണ്ണീടെ ചോറൂണിന് വരുള്ളൂന്നാ കരുതിയത്.'

..........

'സുഖമായിരിക്കുന്നു മരുന്നുണ്ട്. ഭക്ഷണം കഴിക്കുന്നുണ്ട്.

വലിവ് ഈയടുത്തൊന്നും ഉണ്ടാവാറില്ല.'

.

...........

...... അതേ അതേ ചികിത്സ നല്ല ഫലം കാണിക്കണു,'

.........

'അതേ സമാധാനം

നാളെ എപ്പോ എത്തും?

............

ഓ.... ശരി വല്യേട്ടാ....'.

സംസാരത്തിൽ നിന്നും, വരുന്നത് ജാതവേദനാണെന്ന് മനസ്സിലായി. അപ്പോൾ അടുത്തൊന്നും നാട്ടിൽ വന്നതായി തോന്നിയില്ല ഫോൺ സംസാരത്തിൽ നിന്നും ...

ഉടനെ വന്നു അജയന്റെ വിളി . 'വസുധേച്ചി..... നാളെ ഉച്ചക്ക് ഒരു ഗസ്റ്റ് ഉണ്ടാവും.

പതിവ് വിട്ട് മറ്റെന്തെങ്കിലും വിശേഷായിട്ടു വച്ചുണ്ടാക്കണം.'

'ശരി വെജ് ബിരിയാണിയും പനീർ റോസ്റ്റുറണ്ടാക്കാം. സ്പെഷലായി മറ്റെതെങ്കിലും ഒരു ഡിഷ്.

പിന്നെ നമ്മുടെ സാധാരണ ഭക്ഷണവും മതിയാവുറല്ലെ?

.

ഓ!ധാരാളം.

'ഒന്നുരണ്ടു കൂട്ടം കടേന്ന് വാങ്ങണം. '

ലിസ്റ്റ് തന്നോളു ഞാൻ വിളിച്ചു പറയാം.:

ആ സംസാരം അവിടെ അവസാനിച്ചു.

മനസ്സിൽ ഒരാധി,പതുക്കെ ഇഴയാൻ തുടങ്ങി. മുപ്പത്തി രണ്ടു വർഷത്തിനു ശേഷം തമ്മിൽ കാണുകയാണ് എന്നെ തിരിച്ചറിയുമോ?

ആദ്യ കാഴ്ചയിൽ..... ഇല്ല അതൊന്നും ഇപ്പോഴോർക്കണ്ട.!

നാളെ ഉച്ചവരെ ഈ ടെൻഷൻ എങ്ങിനെ ലഘൂകരിക്കാം.

ഓരോ ജോലികളിൽ മുഴുകുമ്പോഴും , ലളിതാസഹസ്രനാമം നാവിലും മനസ്സിലും ഹൃദയത്തിലും പ്രജ്ഞയിലും, ഉരുക്കഴിച്ചു. ഒരു തരം ആത്മശാന്തി, നിർജീവാവസ്ഥ.!

................

നേരംപുലർന്നു. എല്ലാ ജോലികളും കൃത്യതയോടെ ചെയ്തു തീർത്തു.

ഒന്നുകൂടി മേൽ ക്കഴുകി ഉള്ളതിൽ നിന്നും നല്ല വസ്ത്രംധരിച്ചു. പുറത്തേക്കു കൺമിഴിച്ചു നില്ക്കുന്ന നരച്ച മുടിയിഴകൾ ഉള്ളിലേക്ക് തിരുകിക്കയറ്റി വച്ചു. പതിവിനു വിപരീതമായി, അനുജ

എനിക്കെപ്പോഴൊ നൽകിയ ചെറിയ ഡപ്പി ,യാഡ്‌ലിപൌഡർ മുഖത്ത് തേച്ചു പതിവു പോലെ ഒരു ചന്ദനക്കുറി .

ചാഞ്ഞും ചരിഞ്ഞും കണ്ണാടിയിൽ നോക്കി

മനസ്സ് സ്വയം ശാസിച്ചു

' ആർക്കുവേണ്ടിയാണ്?

നിന്നെ തിരിച്ചറിയുമോ ?

xxxxxxxxxxxxtx:

മുററത്ത് ലാസ്യഭാവത്തിൽ ഒഴുകി ഒഴുകി വന്ന വില കൂടിയ കാറിൽ നിന്നും,

പാതി നരകയറിയ നെറ്റിത്തടം .കൂളിങ്ങ് ഗ്ലാസ് ധരിച്ചൊരു മുഖം ! ഊണുമേശയുടെ അടുത്തുള്ള ജനവാതിൽ പഴുതിലൂടെ കണ്ടു.!

മനസ്സിൽ ഒരു കൊള്ളിയാൻ മിന്നി പ്പൊലിഞ്ഞു.

.കൂർത്തയുംപൈജാമയും ആയിരുന്നു. വേഷം.

അജയൻ ഓടി വന്ന് അദ്ദേഹത്തെ കെട്ടിപ്പിടിച്ചു അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. ഡ്രൈവർ വലിയതല്ലാത്ത ഒരു ട്രോളി ബാഗ് സിറ്റൗട്ടിൽ ഇറക്കി വച്ചു. കാർ തിരിച്ചു പോയി.

കാർ തിരിച്ചു പോയതിനു ശേഷമാണ് ആധുനിക വേഷത്തിൽ അതി സുന്ദരിയായ ഒരു യുവതി , ആശ്ചര്യവും സന്തോഷവും അത്ഭുതവും കൂടിക്കലർന്ന മുഖഭാവത്തോടെ വീടും പരിസരവും നോക്കി നിൽക്കുന്ന യുവതി!

'മനസ്സിൽ ഒരു മിന്നൽ പിണർ പാഞ്ഞുവോ?

അദ്ദേഹത്തിന്റെ ഭാര്യയായിരിക്കുമോ?

ഒരു ഭീമമായ നിരാശയുടെ കാർമേഘം വന്ന് തന്നെ പ്പൊതിയുന്നതായിത്തോന്നി ! പ്രജ്ഞയുടെ ഇടനാഴിയിൽ വലിയൊരു മതിൽ കെട്ട് രൂപംകൊണ്ടതായിതോന്നി '

യുവതിയെ മുറിയിൽ കാണാഞ്ഞിട്ടായിരിക്കും രണ്ടു പേരും വീണ്ടുംമുററത്തേക്കിറങ്ങി വന്നു.

''യാമി എന്തെ ഇവിടെ നിന്നു കളഞ്ഞത് ? ഞാൻ കരുതി ദക്ഷിനെ ഫോണിൽ വിളിക്കയാണെന്ന്' ജാതവേദൻ പറഞ്ഞു.

'നോ ! ഞാൻ ഈ വീടിന്റെ ഭംഗി ! ഇവിടത്തെ അന്തരീക്ഷത്തിന്റെ മാസ്മരികത! ആവാഹിച്ചെടുക്കയായിരുന്നു നൈസ്. !ദക്ഷ് വിവരിക്കാറുള്ളത് നേരിൽ കണ്ടപ്പോൾ വണ്ടറടിച്ചു പോയി.! ശരി ഞാൻ ദക്ഷിനെ വിളിക്കട്ടെ.!

ഭാഗ്യം ഭാര്യയല്ലെന്ന് മനസ്സിലായി ! നെഞ്ചിൽ കൈ ചേർത്തു ദേവിയെ സ്മരിച്ചു.!

വസുധേച്ചി ! കുടിക്കാനെടുത്തോളു !

ഭക്ഷണം പിന്നെയാകാം.

'വസുധേച്ചി ..എന്ന അജയന്റെ വിളിയിൽ

ഒരു ഞെട്ടലോടെ മുത്തച്ഛന്റെ കട്ടിലിൽ നിന്നും യാന്ത്രികമായി ജാതവേദൻ എഴുന്നേറ്റു ..

'അതാരാ വസുധ '....?

'അത് ഹൌസ് മെയ്ഡാ ഏട്ടാ. അനുജ രണ്ടാമതും ഗർഭിണിയായതു മുതൽ വീട്ടിൽ ഒരു സഹായി ഇല്ലാതെ പറ്റാണ്ടായി. ഇപ്പോൾ മൂന്നാമതും ഒരുണ്ണിയായപ്പോൾ തീരെ ആളില്ലാതെ പറ്റാണ്ടായി ഏട്ടൻ 5 കൊല്ലം കൂടിട്ടല്ലേ ഇപ്പഴെങ്കിലും വരാൻ തോന്നിയത് .? റെഡ്ക്രോസ് സംഘടനയിൽ നിന്നും ബുക്ക് ചെയ്ത് വരുത്തിയതാണ്. ഇപ്പോ രണ്ടു കൊല്ലം ആകാറാകുന്നു.'

ചിന്താ മൂകനായി ജാതവേദൻ ഒരു നിമിഷം നിന്നു.

'അജയാ ഭക്ഷണം കഴിഞ്ഞ് യാമിയെ ദക്ഷിന്റെ വീട്ടിലെത്തിക്കണം നീ കാറെടുത്തോളും, ഇല്ലെ ? 'വെറും പതിനെട്ടു കിലോമീറ്ററല്ലെയുള്ളു?' യാമി നേരെ പോകേണ്ട

തായിരുന്നു. മുത്തച്ഛനെയും വീടും കാണാൻ മാത്രം എന്റൊപ്പം വന്നതാണ്.'

കൃഷ് ,സിനിമ ക്യാമറാമാനാണ് കൽക്കത്തയിൽ സെറ്റിൽ ഡാണ്. യാമിടെ സ്വന്തം വീട്ടിൽ ഒരു ഹൃസ്വ സന്ദർശനത്തിനെത്തിയതാണ്.

അജയനോട് പറയുന്നതെല്ലാം കേട്ട് മനസ്സ് തണുത്തു .

ചുട്ടുപഴുത്ത ഇരുമ്പിൽതളിച്ച . വെള്ളം പോലെ ഇതുവരെ നിന്നുരുകുകയായിരുന്നു..

വിറ പൂണ്ട കൈകളിൽ മൂസ്സംബി ജ്യൂസിന്റെ ഗ്ലാസ്സുകൾ വച്ച ട്രേ വിറക്കാതിരിക്കാൻ പരമാവധി ശ്രദ്ധിച്ച് ഊണുമുറിയിലേക്ക് കാലടികൾ പെറുക്കി വച്ചു നടന്നു !

ട്രേ മേശ പുറത്തു വച്ച് കണ്ണുയർത്തി നോക്കിയത് കൂളിങ് ഗ്ലാസ്സ് എടുത്തു മാറ്റിയ ജാതവേദന്റെ കണ്ണുകളിലേക്കായിരുന്നു.

പ്രപഞ്ചത്തിന്റെ ചലനം ഒരു നിമിഷം നിലച്ചുപോയ പോലെ  ഒരു നിശ്ചലത.!

'ഞാനിത് യാമി ചേച്ചിക്ക് കൊണ്ടു കൊടുക്കട്ടെ. എന്ന് പറഞ്ഞ് ട്രേയിൽ നിന്ന് ജ്യൂസ്സുമെടുത്ത് അജയൻമുത്തച്ഛന്റെ മുറിയിലേക്ക് നടന്നു'

തിരിഞ്ഞു അടുക്കളയിലേക്ക് നടക്കാൻ ഭാവിക്കുമ്പോൾ

'ഭൂമികേ.....'

ഏതോ ഒരു ഉൾ വിളിയിൽ ഓടി ആ അടുത്തേയ്ക്ക് .! കാലടികൾ വിറ പൂണ്ടിരുന്നെങ്കിലും ചുവടുറപ്പിച്ചു നിന്നു ...

മുഖം പിടിച്ചുയർത്തി ഒന്നേ പറഞ്ഞുള്ളു'

'വർഷങ്ങളുടെ കാത്തിരിപ്പ് ! എവിടെയെന്നൊന്നറിയാൻ വേണ്ടി ഒരു പാട്ശ്രമിച്ചു.

വിശാലമായ സിനിമാ ലോകം ഒരു പാട് പ്രലോഭനങ്ങൾ !എന്തും കൈപിടിയിൽ ഒരുക്കാവുന്ന മാസ്മരിക ലോകം.! ഒന്നും എന്നെ ആകർഷിച്ചില്ല. !ഈ ഒരു മുഖം മാത്രം.

അത് മായ്ക്കാൻ ഈ ലോകത്ത് ഒന്നിനും കഴിഞ്ഞില്ല.

ഒന്നു മാത്രം എനിക്കറി ഞ്ഞാൽ മതി.

സിംഗിൾ ആണോ ?

അതോ, കുടുംബം കുട്ടികൾ? ബാദ്ധ്യതകൾ ?

'ഇല്ല.! ഞാനെന്നും ഒറ്റയ്ക്കായിരുന്നു .അന്ന് പ്രണയം നിരസിച്ചാലും ഇത്രയും കാലം ഈ.. ഓർമ്മയിലൂടെ ജീവിച്ചു. ഈ മുഖം മനസ്സിലേറ്റി

എന്തിനെന്നറിയാതെ.'

'അതേ! നീ എന്റെ പെണ്ണ്! എനിക്കു വേണ്ടി ദൈവം കരുതി വച്ചത്.!'

'നാളെ തിരിച്ചു പോകണം എന്നാ കരുതിയത്.

ഇനി അത് സാധ്യമല്ല.

കാര്യങ്ങൾ എന്റെ അനിയന്മാരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തണം

ഏറ്റവും അടുത്ത മുഹൂർത്തത്തിൽ റജിസ്റ്റർ ഓഫീസിൽ പോയി വിവാഹ രജിസ്റ്ററിൽ ഒപ്പു വെക്കുക

'എന്റെ ഭൂമിക റെഡിയല്ലേ?'

എന്തിനെന്നറിയില്ല. കണ്ണിൽ നിന്നും നില തെറ്റി ഉരുണ്ടു വീഴാൻ തുടങ്ങിയ കണ്ണുനീർ ജാതവേദൻ വലം കൈയിലെ ചൂണ്ടുവിരലാൽ ഒപ്പിയെടുത്തു. സമ്മതിക്കില്ല. ഇനി ഈ കണ്ണിൽ നിന്നും ഒരു തുള്ളി പോലും ഇറ്റു വീഴാൻ അനുവദിക്കില്ല.!.

എന്റെ ഈ തീരുമാനത്തിനു മുൻപ്പിൽ ഏതു മതിൽ കെട്ടുകൾ പ്രതിബന്ധമായി വന്നാലും എനിക്കതു പ്രശ്നമല്ല.

ഒരിക്കൽ വേളിയുടെ കാര്യം വന്നപ്പോൾ

ജാതി യുടെ മതിൽ,മതത്തിന്റെ മതിൽ, ബ്രാഹ്മണ്യത്തിന്റെ മതിൽ പ്രശ്നങ്ങളായി മുന്നിൽ വഴി മുടക്കി. വിവാഹമേ വേണ്ട എന്ന നിലപാടിൽ ഉറച്ചു നിന്നു.

ഒടുവിൽ ഇതാ! എന്റെ മുന്നിൽ. ആദ്യമായി ഞാൻ ഹൃദയം കൊണ്ട്പാതി മെയ്യാകാൻ ആഗ്രഹിച്ച

എന്റെ പെണ്ണ്.! ●




### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച





**ആരാധ്യ വർമ്മ സി.കെ**
6 A
ANMMUPS തളി





**ദ്വിവിക് വർമ്മ** CK
2 A
ANMMUPS തളി





*കൃഷ്ണേന്ദു ടി കെ*
ക്ലാസ്സ് 9
ജി.വി.എച്ച്.എസ്.എസ് വട്ടേനാട്

# സ്വപ്നവണ്ടി

വേനലിന്റെയും മഴയുടെയും
നിറം മങ്ങിയ സ്വാന്ത്വനം
അവളെ
ഉറക്കമുണർത്തി.
ചോര ചുവപ്പാർന്ന
ഒരു കുഞ്ഞു പൂവുമായി
അവൾ
നിലാവിന്റെ
സ്വപ്ന വണ്ടി കയറി.
സ്വപ്നത്തിൽ
ഓർമ്മകൾ
സൃഷ്ടിച്ച
മുറിവുകളിൽ
അരിച്ചു തുടങ്ങിയ
പുഴുക്കൾ
ഭ്രാന്തൻ്റെ കാലിൽ കെട്ടിയ
കറുത്ത ചങ്ങലകൾ
നിർഭയം
പറിച്ചു കളയുകയായിരുന്നു.
ആ ഭ്രാന്തനപ്പോൾ
ജാതിമതഭേദമില്ലാത്ത സ്വാതന്ത്ര്യത്തിന്റെ
അനന്തതയിലേക്ക് നടന്നടുക്കുകയായിരിന്നു.



ദുർഗ്ഗശ്രീ പി
10 B
GVHSS VATTENAD

## കണ്ണൻ

കണ്ണാ നീ എൻ മിഴിനീരിൽ
അലിയുന്ന വെണ്ണയായ് മാറി
നിൻ മുരളി തൻ സംഗീതത്തിൽ
ഞാൻ മയങ്ങി പോയി

**ആരാധ്യ വർമ്മ സി.കെ,** 6 A,
ANMMUPS തളി

## ചിണ്ടനെലിയുടെ സൂത്രം

ഒരിക്കൽ ചിണ്ടനെലി നടന്നു വരികയായിരുന്നു. അപ്പോൾ കുറ്റിക്കാട്ടിൽ പതുങ്ങിയിരുന്ന കുട്ടു പൂച്ച ഒറ്റച്ചാട്ടം നിക്കടാ അവിടെ.. ചിണ്ടൻ പേടിച്ചോടി. വഴിയരികിൽ ഒരു മരത്തിൽ തേനീച്ചക്കൂട് കണ്ടു. വേഗം ഒരു കല്ലെടുത്ത് കൂട്ടിലേക്ക് എറിഞ്ഞു. തേനീച്ചകൾ കുട്ടുപൂച്ചയെ കുത്താൻ ചെന്നു. അയ്യോ എന്ന് പറഞ്ഞ് പൂച്ച ജീവനും കൊണ്ടോടി.

**ദിവിക് വർമ്മ** C.K, 2 A,
ANMMUPS തളി